സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ


# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ


പ്രവാസത്തിന്റെ
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ഏപ്രിൽ 27 വ്യാഴം ptnizar@rediffmail.com 9037319971 www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ



# ചിരിയുടെ സുൽത്താന് വിട...

## അന്ത്യവിശ്രമം കണ്ണംപറമ്പ് ഖബർസ്ഥാനിൽ

കോഴിക്കോട്: അന്തരിച്ച നടൻ മാമുക്കോയയുടെ മൃതദേഹം ഖബറടക്കി. മാമുക്കോയയുടെ ആഗ്രഹപ്രകാരം കണ്ണംപറമ്പ് ഖബർസ്ഥാനിലാണ് ഖബറടക്കിയത്. അരക്കിണർ മുജാഹിദ് പള്ളിയിലെ മയ്യത്ത് നിസ്കാരത്തിന് ശേഷമാണ് കണ്ണംപറമ്പിലേക്ക് എടുത്തത്. ഇവിടെ നിന്ന് വിലാപയാത്രയായാണ് മൃതദേഹം കൊണ്ടുപോയത്. വീട്ടിൽ ഒമ്പതര വരെ പൊതുദർശനത്തിന് വച്ച ശേഷമാണ് മൃതദേഹം പള്ളിയിലേക്ക് കൊണ്ടുപോയത്. മൃതദേഹം പള്ളിയിലേക്ക് കൊണ്ടുപോകുന്നത് വരേയും പ്രിയ താരത്തെ അവസാനമായി ഒരു നോക്ക് കാണാനുള്ളവരുടെ ഒഴുക്കായിരുന്നു വീട്ടിലേക്ക്. രാത്രി വൈകിയും നിരവധി ആളുകൾ പ്രിയതാരത്തിന് അന്ത്യാഞ്ജലി അർപ്പിക്കാനെത്തിയിരുന്നു. ആയിരങ്ങളാണ് ഖബർസ്ഥനിലും പരിസരങ്ങളിലും നടന് അന്ത്യോപചാരമർപ്പിക്കാനായി തിങ്ങി നിറഞ്ഞത്. ഇന്നലെ വൈകീട്ട് നാലോടെ കോഴിക്കോട്ടെ ടൗൺഹാളിൽ പൊതുദർശനത്തിന് വച്ച നടന് അന്ത്യോപചാരം അർപ്പിക്കാനായി സിനിമ-നാടക-സാംസ്കാരിക-രാഷ്ട്രീയ മേഖലകളിൽ നിന്നുള്ള ആയിരക്കണക്കിന് ആളുകളാണ് എത്തിയത്. 24ന് രാത്രി മലപ്പുറം കാളികാവ് പൂങ്ങോടിൽ സെവൻസ് ഫുട്ബോൾ ടൂർണമെന്റിന്റെ ഉദ്ഘാടനത്തിന് എത്തിയ മാമുക്കോയയെ ദേഹാസ്വാസ്ഥ്യത്തെ തുടർന്ന് വണ്ടൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. അവിടെ നിന്നാണ് കോഴിക്കോട്ടെ ആശുപത്രിയിലേക്ക് മാറ്റിയത്. തിങ്കളാഴ്ച മുതൽ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലായിരുന്നു. നേരത്തെ കാൻസറിനും ചികിത്സ തേടിയിരുന്നു. സിനിമാ-രാഷ്ട്രീയ രംഗത്തെ നിരവധിപ്പേരാണ് അനുശോചനം രേഖപ്പെടുത്തിയത്. ഭാര്യ: സുഹറ. മക്കൾ: നിസാർ, ഷാഹിദ, നാദിയ, അബ്ദുൾ റഷീദ്. മരുമക്കൾ: അബ്ദുൽ ഹബീബ് (ഖത്തർ), സക്കീർ ഹുസൈൻ (കെ.എസ്.ഇ.ബി), ജസി, ഫസ്ന.

ചാലിക്കണ്ടി മുഹമ്മദിന്റേയും ഇമ്പിച്ചി ആയിശയുടെയും മകനായി 1946 ൽ കോഴിക്കോട് പള്ളിക്കണ്ടിയിലാണ് മാമുക്കോയയുടെ ജനനം. മാതാപിതാക്കളുടെ മരണത്തെത്തുടർന്ന് ജ്യേഷ്ഠന്റെ സംരക്ഷണയിൽ വളർന്ന അദ്ദേഹം കോഴിക്കോട് എം.എം ഹൈസ്കൂളിൽ പത്താംക്ലാസ് പഠനം പൂർത്തിയാക്കി. പഠനകാലത്തു തന്നെ സ്കൂൾ നാടകങ്ങളിൽ സജീവമായിരുന്നു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കല്ലായിയിലെ തടിമില്ലിൽ ജോലിക്കാരനായി. മരം അളക്കുക, നമ്പറിടുക, മരത്തിന്റെ ഗുണം നോക്കുക എന്നീ ജോലികളിൽ വൈദഗ്ധ്യം പുലർത്തുന്നതിനോടൊപ്പം തന്നെ നാടകത്തിലും സജീവമായിരുന്നു. കെ. ടി. മുഹമ്മദ്, വാസു പ്രദീപ്, ബി. മുഹമ്മദ്, എ. കെ. പുതിയങ്ങാടി കെ.ടി കുഞ്ഞ് ചെമ്മങ്ങാട് റഹ്മാൻ തുടങ്ങിയവരുടെ നാടകങ്ങളിൽ ശ്രദ്ധേയ വേഷങ്ങൾ ചെയ്തു. നാടകരംഗത്തു നിന്നും സിനിമയിൽ എത്തിയ മാമുക്കോയ കോഴിക്കോടൻ ഭാഷയുടെ മനോഹരശൈലിയെ സിനിമയിലൂടെ ജനകീയമാക്കി. നിലമ്പൂർ ബാലൻ സംവിധാനം ചെയ്ത അന്യരുടെ ഭൂമി എന്ന ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രത്തിലൂടെ അരങ്ങേറ്റം കുറിച്ച അദ്ദേഹം വളരെ സ്വാഭാവികമായ അഭിനയശൈലിയിലൂടെ സിനിമയിൽ തന്റേതായ ഇടം പിടിച്ചു. കുതിരവട്ടം പപ്പുവിന്റെ കോഴിക്കോടൻ ശൈലി കണ്ട പ്രേക്ഷകർ മാമുക്കോയയുടെ കോഴിക്കോടൻ മുസ്ലീം സംഭാഷണ ശൈലിയും നെഞ്ചോടേറ്റുവാങ്ങി. ഏതുതരം കഥാപാത്രത്തേയും അദ്ദേഹം തന്റെ സ്വതസിദ്ധമായ ശൈലിയിൽ അവതരിപ്പിച്ചു. റാംജിറാവ് സ്പീക്കിങ്ങിലെ ഹംസക്കോയയുടെ എടാ ബാലസ്നാ വിളി എന്നും പ്രേക്ഷകമനസ്സിൽ ചിരിയുണർത്തി. നാടോടിക്കാറ്റിലെ ഗഫൂർക്കയും സന്ദേശത്തിലെ കെ. ജി പൊതുവാളും മഴവിൽക്കാവടിയിലെ കുഞ്ഞിക്കാദറും കൺകെട്ടിലെ കീലേരി അച്ചുവും ഹിസ് ഹൈനസ് അബ്ദുള്ളയിലെ ജമാലും തുടങ്ങി അദ്ദേഹം തന്റെ കോഴിക്കോടൻ ശൈലിയിൽ അനശ്വരനാക്കിയ കഥാപാത്രങ്ങൾ ഒട്ടേറെയാണ്. മലയാളത്തിനു പുറമേ തമിഴിലും അഭിനയിച്ചിട്ടുണ്ട്. 2021 ൽ സുനിൽ സംവിധാനം ചെയ്ത കോരപ്പൻ ദ ഗ്രേറ്റ്, 2023 ൽ ഇ.എം അഷ്റഫ് സംവിധാനം ചെയ്ത ഉരു എന്നീ ചിത്രങ്ങളിൽ നായകനായി. പെരുമഴക്കാലത്തിലെ അബ്ദു എന്ന കഥാപാത്രത്തിന് 2004ൽ കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരത്തിൽ പ്രത്യേക ജൂറി പുരസ്കാരം ലഭിച്ചു. 2008ൽ ഇന്നത്തെ ചിന്താവിഷയത്തിലെ അഭിനയത്തിന് മികച്ച ഹാസ്യനടനുള്ള സംസ്ഥാന സർക്കാരിന്റെ ചലച്ചിത്ര പുരസ്കാരവും ലഭിച്ചു. അഷ്റഫ് ഹംസ സംവിധാനം ചെയ്ത ഇപ്പോൾ തിയേറ്ററുകളിൽ ഓടിക്കൊണ്ടിരിക്കുന്ന സുലൈഖ മൻസിൽ അദ്ദേഹം ഒടുവിൽ അഭിനയിച്ച ചിത്രങ്ങളിൽ ഒന്നാണ്.


നടൻ മാമുക്കോയയുടെ ഭൗതികദേഹം കോഴിക്കോട് ടൗൺഹാളിൽ പൊതുദർശനത്തിന് വച്ചപ്പോൾ


ഓപ്പറേഷൻ കാവേരിയുടെ ഭാഗമായി സുഡാനിൽ കുടുങ്ങിപ്പോയ ഇന്ത്യക്കാരിൽ ആദ്യസംഘത്തെ ഡൽഹിയിലെത്തിച്ചപ്പോൾ

## സുഡാനിൽ നിന്നുള്ള ആദ്യസംഘം ഡൽഹിയിലെത്തി

ന്യൂഡൽഹി: ആഭ്യന്തര യുദ്ധത്തിൽ സുഡാനിൽ കുടുങ്ങിപ്പോയ ഇന്ത്യാക്കാരെ രക്ഷപ്പെടുത്താനുള്ള ഓപ്പറേഷൻ കാവേരിയുടെ ഭാഗമായി ആദ്യ സംഘം ഇന്നലെ രാത്രിയോടെ ഡൽഹിയിലെത്തി. 367 പേരടങ്ങിയ സംഘത്തിൽ 19 മലയാളികൾ ഉൾപ്പെടുന്നു. ഇന്ന് കൂടുതൽ ഇന്ത്യക്കാരുമായി രണ്ട് വിമാനങ്ങൾ കൂടി എത്തും. യുദ്ധം രൂക്ഷമായ സുഡാനിലെ സാഹചര്യം ഭയപ്പെടുത്തുന്നതാണെന്ന് ഇന്ത്യയിലെത്തിയവർ വ്യക്തമാക്കി. മലയാളികൾക്ക് താമസവും ഭക്ഷണവും കേരള ഹൗസിലാണ് ഒരുക്കിയിരിക്കുന്നത്. ഇന്ന് വിവിധ വിമാനങ്ങളിൽ ഇവരെ നാട്ടിലേക്ക് എത്തിക്കും. ഇവരുടെ കേരളത്തിലേയക്കുള്ള യാത്രച്ചെലവ് സംസ്ഥാന സർക്കാർ വഹിക്കും. തിരികെയെത്തുന്ന മലയാളികളെ അതത് വിമാനത്താവളങ്ങളിൽ നിന്ന് സംസ്ഥാനസർക്കാരിന്റെ ചെലവിൽ കേരളത്തിലെത്തിക്കുന്നതിന് കേരളീയ പ്രവാസികാര്യ വകുപ്പിനെ ചുമതലപ്പെടുത്തും.

# വിദ്വേഷ പരാമർശം: അമിത് ഷാക്കെതിരേ പരാതിയുമായി കോൺഗ്രസ്

ബംഗളൂരു: കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാക്കെതിരേ പരാതിയുമായി കോൺഗ്രസ്. പ്രകോപനപരമായ പ്രസ്താവനകൾ നടത്തിയതിനും വിദ്വേഷവും വളർത്തുന്നതിനും പ്രതിപക്ഷത്തെ അപകീർത്തിപ്പെടുത്തുന്നതിനുമെതിരേയാണ് മുതിർന്ന കോൺഗ്രസ് നേതാക്കളായ രൺദീപ സിങ് സുർജേവാല, ഡോ.പരമേശ്വര, ഡി.കെ. ശിവകുമാർ എന്നിവർ ബംഗളൂരു ഹൈഗ്രൗണ്ട്സ് പോലിസ് സ്റ്റേഷനിൽ പരാതി നൽകിയത്. ബെലഗാവിലെ തെർദലിൽ നടത്തിയ പ്രസംഗത്തിലായിരുന്നു പരാമർശം. ഇതിനെതിരെയാണ് കോൺഗ്രസ് നേതാക്കൾ പരാതി നൽകിയത്. കോൺഗ്രസ് അധികാരത്തിലെത്തിയാൽ സംസ്ഥാനത്താകെ വർഗീയ കലാപമുണ്ടാകുമെന്ന പ്രസ്താവനയാണ് പരാതിക്കടിസ്ഥാനമെന്ന് കോൺഗ്രസ് നേതാക്കൾ പറഞ്ഞു. പരിപാടിയുടെ സംഘാടകർക്കും അമിത് ഷാക്കുമെതിരേ എത്രയും വേഗത്തിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യണമെന്നും കോൺഗ്രസ് ആവശ്യപ്പെട്ടു. വിജയപുരയിൽ നടന്ന റാലിയിൽ സംസ്ഥാനത്ത് വ്യത്യസ്ത വിഭാഗങ്ങളെ തമ്മിലടിപ്പിക്കാനും വിദ്വേഷം വളർത്താനും ബി.ജെ.പി ശ്രമിച്ചെന്നും കോൺഗ്രസ് കുറ്റപ്പെടുത്തി. ബി.ജെ.പി നേതാക്കൾ ബോധപൂർവം തെറ്റായ പ്രസ്താവനകൾ നടത്തി. ബി.ജെ.പക്ക് അനുകൂലമായി വോട്ട് ചെയ്യണമെന്ന് വോട്ടർമാരെ ഭീഷണിപ്പെടുത്തി. കോൺഗ്രസിനും നേതൃത്വത്തിനും എതിരേ തെറ്റായ ആരോപണം ഉന്നയിച്ച് അപകീർത്തിപ്പെടുത്തുകയും ഗുരുതരമായ കുറ്റങ്ങൾ ചെയ്തതായും കോൺഗ്രസ് ആരോപിച്ചു.



കർണാടകയിലെ സാമുദായിക സൗഹാർദം തകർക്കുക എന്ന ലക്ഷ്യത്തോടെയാണ് കോൺഗ്രസിനും അതിന്റെ മുതിർന്ന നേതാക്കൾക്കുമെതിരേ വ്യാജവും വർഗീയവുമായ നിരവധി ആരോപണങ്ങൾ അമിത് ഷാ ഉന്നയിക്കുന്നതെന്ന് കോൺഗ്രസ് നേതാക്കൾ ആരോപിച്ചു. 'മുൻ മുഖ്യമന്ത്രി സിദ്ധരാമയ്യ നേരത്തെ കസ്റ്റഡിയിലെടുത്ത എല്ലാ പി.എഫ്.ഐ പ്രവർത്തകരേയും വിട്ടയച്ചിരുന്നുവെന്നും അവരെ വീണ്ടും ജയിലിലടച്ചത് ബി.ജെ.പി സർക്കാരാണെന്നും അമിത് ഷാ പറഞ്ഞതായി പരാതിയിൽ ആരോപിച്ചു. പോപ്പുലർ ഫ്രണ്ടിന്റെ നിരോധനം പിൻവലിക്കുമെന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ് തെരഞ്ഞെടുപ്പ് വാഗ്ദാനം നൽകിയിട്ടുണ്ടെന്ന തെറ്റായ കാര്യവും അമിത് ഷാ പറഞ്ഞെന്നും പരാതിയിൽ പറയുന്നു. 'കോൺഗ്രസ് അധികാരത്തിലെത്തിയാൽ കുടുംബ രാഷ്ട്രീയം പ്രോത്സാഹിപ്പിക്കും. പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യക്കേർപ്പെടുത്തിയ വിലക്ക് റദ്ദാക്കും. ഇതെല്ലാം കർണ്ണാടകയിൽ കലാപങ്ങൾക്കാണ് വഴിവെക്കുക. റിവേഴ്സ് ഗിയറിലായിരിക്കും സംസ്ഥാനത്തിന്റെ വികസനം. അഴിമതി വർധിക്കും. ബി.ജെ.പിക്ക് മാത്രമാണ് കർണാടകയെ നയിക്കാനാവുക.' എന്നായിരുന്നു അമിത്ഷാ പ്രസംഗത്തിൽ പരാമർശിച്ചത്. കോൺഗ്രസ് അധികാരത്തിലെത്തിയാൽ മുസ്ലീം സംവരണ പുനഃസ്ഥാപിക്കുമോയെന്ന് അമിത് ഷാ വെല്ലുവിളിച്ചിരുന്നു. മതാടിസ്ഥാനത്തിൽ മുസ്ലിംകൾക്ക് നാല് ശതമാനം സംവരണമുണ്ടായിരുന്നു. ബി.ജെ.പി സർക്കാർ മുസ്ലിം സംവരണം എടുത്തുകളഞ്ഞു. അധികാരത്തിൽ വന്നാൽ ആരുടെ സംവരണം ഒഴിവാക്കിയാണ് മുസ്ലിം സംവരണം പുനഃസ്ഥാപിക്കുക എന്ന് കാണാമെന്നും കേന്ദ്ര ആഭ്യന്തരമന്ത്രി വെല്ലുവിളിച്ചിരുന്നു.



## എ.ഐ ക്യാമറ വിവാദം; കരാർ വിശദാംശങ്ങൾ കെൽട്രോണിൽ നിന്ന് തേടി വിജിലൻസ്

തിരുവനന്തപുരം: എ.ഐ ക്യാമറ വിവാദത്തിൽ കെൽട്രോണിൽ നിന്നും കരാർ വിശദാംശങ്ങൾ തേടി വിജിലൻസ്. ക്യാമറകളിലെ ഇടപാട് ഉൾപ്പെടെ അഞ്ച് കാര്യങ്ങളിൽ അന്വേഷണത്തിന് സർക്കാർ വിജിലൻസിന് അനുമതി നൽകിയത്. മുൻ ട്രാൻസ്പോർട്ട് കമ്മീഷണർ രാജീവൻ പുത്തലത്തിനെതിരായ പരാതിയിലാണ് എ.ഐ ക്യാമറകളെ കുറിച്ചുള്ള അന്വേഷണവും നടക്കുന്നത്. കൊല്ലം ആന്റി കറപ്ഷൻ മിഷൻ സെക്രട്ടറിയാണ് പരാതി നൽകിയത്. മോട്ടോർ വാഹന വകുപ്പിൽ നിന്നും ഫയലുകൾ കൈമാറി. പദ്ധതിയുടെ ചുമതലക്കാരനായ മുൻ ട്രാൻസ്പോർട്ട് കമ്മീഷണർ രാജീവൻ പുത്തലത്തിനെതിരേ അഞ്ച് കാര്യങ്ങൾ അന്വേഷിക്കണമെന്നായിരുന്നു വിജിലൻസിന് ലഭിച്ച പരാതി.

അതിൽ പ്രധാനപ്പെട്ട ആരോപണം എ.ഐ ക്യാമറകൾ സ്ഥാപിച്ചതിൽ അഴിമതി നടന്നിട്ടുണ്ടെന്നായിരുന്നു. ഗതാഗതവകുപ്പിന്റെ സെയ്ഫ് കേരള പദ്ധതിയെ കുറിച്ചുള്ള പരാതിയിലാണ് വിജിലൻസ് അന്വേഷണം നടത്തുന്നത്. സെയ്ഫ് കേരള പദ്ധതിയിലെ പ്രധാന വരുമാനമാർഗമായി സർക്കാർ കണ്ടിരുന്നത് എ.ഐ ക്യാമറകൾ വഴി ലഭിക്കുന്ന പിഴപ്പണമായിരുന്നു.

## കൗൺസിലിംഗിനെത്തിയ ആൺകുട്ടിയെ പീഡിപ്പിച്ചു; ക്ലിനിക്കൽ സൈക്കോളജിസ്റ്റിന് ഏഴര വർഷം തടവും പിഴയും

തിരുവനന്തപുരം: മാനസിക പ്രശ്നങ്ങൾക്ക് കൗൺസിലിംഗിനെത്തിയ ആൺകുട്ടിയെ പീഡിപ്പിച്ച കേസിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന് തടവും പിഴയും. തിരുവനന്തപുരം പ്രത്യേക പോക്സോ കോടതിയാണ് സൈക്കോളജിസ്റ്റായ ഡോ. കെ ഗിരീഷിനെതിരേ ശിക്ഷ വിധിച്ചത്. 13 വയസുള്ള ആൺകുട്ടിയെയാണ് ഇയാൾ പീഡിപ്പിച്ചത്. സംഭവത്തിൽ ഏഴര വർഷം തടവും ഒന്നരലക്ഷം രൂപ പിഴയും കോടതി വിധിച്ചു. മറ്റൊരു ആൺകുട്ടിക്കെതിരായ ലൈംഗികാതിക്രമക്കേസിൽ നേരത്തേയും ഇതേ കോടതി ഗിരീഷിനെ ആറ് വർഷം കഠിന തടവിന് ശിക്ഷിച്ചിരുന്നു. എന്നാൽ ഈ കേസിൽ ഹൈക്കോടതിയിൽ നിന്നും ജാമ്യം നേടി.


പ്രതി ഡോ.കെ.ഗിരീഷ്

ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസറായിരുന്ന പ്രതി മണക്കാട് കുര്യാത്തിയിൽ തന്റെ വീടായ തണലിനോട് ചേർന്ന് സ്വകാര്യ ക്ലിനിക്കിൽ വച്ച് കുട്ടിയെ പീഡിപ്പിച്ചെന്നാണ് പ്രോസിക്യൂഷൻ കേസ്. 2015 ഡിസംബർ ആറ് മുതൽ 2017 ഫെബ്രുവരി 21 വരെയുള്ള കാലയളവിൽ കൗൺസിലിംഗിനായി എത്തിയപ്പോഴാണ് പീഡിപ്പിച്ചത്. തുടർന്ന് കുട്ടിയുടെ മനോനില കൂടുതൽ ഗുരുതരമായി. തുടർന്ന് പ്രതി മറ്റൊരു ഡോക്ടറെ കാണാൻ നിർദേശിക്കുകയും പീഡന വിവരം പുറത്ത് പറയരുതെന്ന് ഭീഷണിപ്പെടുത്തുകയുമായിരുന്നു. കുട്ടി ഭയന്ന് ഇക്കാര്യം പുറത്ത് പറഞ്ഞുമില്ല.

തുടർന്ന് വീട്ടുകാർ മറ്റ് പല മനോരോഗ വിദഗ്ധരെ കാണിച്ചെങ്കിലും മാറ്റമില്ലാത്തതിനാൽ 2019ന് കുട്ടി മെഡിക്കൽ കോളേജ് ആശുപത്രി സൈക്കാട്രി വിഭാഗത്തിൽ അഡ്മിറ്റ് ചെയ്തു. 2019 ജനുവരി 30ന് ഡോക്ടർമാർ കേസ് ഹിസ്റ്ററി എടുക്കുമ്പോഴാണ് കുട്ടി രണ്ട് വർഷം മുമ്പ് പ്രതി തന്നെ പീഡിപ്പിച്ച വിവരം ഇവരോട് പറയുന്നത്. പ്രതി ഫോണിൽ അശ്ലീല വീഡിയോകൾ കാണിച്ച് കൊടുക്കുമായിരുന്നുവെന്നും കുട്ടി മൊഴി നൽകുകയായിരുന്നു. പ്രോസിക്യൂഷന് വേണ്ടി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ ആർ.എസ് വിജയ് മോഹൻ ഹാജരായി. മെഡിക്കൽ കോളേജ് അധികൃതർ പോലിസിനെ വിവരം അറിയിച്ചതിനെ തുടർന്ന് ഫോർട്ട് പോലിസാണ് കേസെടുത്ത് പ്രതിയെ അറസ്റ്റ് ചെയ്തത്. ആദ്യം എടുത്ത കേസിൽ ജാമ്യത്തിൽ നിൽക്കവെയാണ് ഈ കേസിൽ അറസ്റ്റ് ചെയ്തത്. പീഡനത്തെ തുടർന്നാണ് കുട്ടിയുടെ അസുഖം മൂർച്ഛിച്ചതെന്ന് കുട്ടിയെ ചികിത്സിച്ച മറ്റ് ഡോക്ടർമാരും വിസ്താര വേളയിൽ പറഞ്ഞു. ഫോർട്ട് എസ്.ഐമാരായ കിരൺ ടി.ആർ, എ.അനീഷ് എന്നിവരാണ് കേസ് അന്വേഷിച്ചത്.




## ഇ-പോസ് സെർവർ തകരാർ; കേരളത്തിലെ റേഷൻ കടകൾ ഇന്നും നാളെയും അടച്ചിടും

കോഴിക്കോട്: സെർവർ തകരാറിനെ തുടർന്ന് ഇ-പോസ് മെഷീൻ പണിമുടക്കിയതോടെ താളം തെറ്റിയ റേഷൻ വിതരണം താൽക്കാലികമായി നിർത്തിവച്ചു. സെർവർ തകരാർ പരിഹരിക്കാനായി ഇന്നും നാളെയും റേഷൻ കടകൾ അടച്ചിടും. തകരാർ പരിഹരിക്കാൻ രണ്ട് ദിവസം വേണം എന്ന് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ ആവശ്യപ്പെട്ടു. ഇതിനെ തുടർന്നാണ് ഈ നടപടി.

29ന് റേഷൻ കടകൾ തുറന്നു പ്രവർത്തിക്കും. അതേസമയം, ഈ മാസത്തെ റേഷൻ വിതരണം അടുത്ത മാസം അഞ്ച് വരെ നീട്ടിയിട്ടുണ്ട്. ആറാം തീയതി മുതൽ മാത്രമേ മേയിലെ റേഷൻ വിതരണം തുടങ്ങൂ. സർവർ തകരാർ മൂലം തുടർച്ചയായി റേഷൻ വിതരണം തടസ്സപ്പെട്ടതിനെ തുടർന്ന് കാർഡുടമകളും റേഷൻ കടക്കാരും വാക്തർക്കം പതിവായതോടെ സെർവർ തകരാർ പരിഹരിക്കാൻ 28വരെ റേഷൻ കടകൾ അടച്ചിടാൻ ഭക്ഷ്യവകുപ്പ് തീരുമാനിക്കുകയായിരുന്നു. നാലു ദിവസമായി ജില്ലയിൽ റേഷൻ വിതരണം സെർവർ തകരാർ മൂലം പ്രതിസന്ധിയിലാണ്. വയനാട്ടിലും റേഷൻ വിതരണം മുടങ്ങിയിരുന്നു. നാലു ദിവസമായി ഇവിടെയും റേഷൻ വിതരണം സെർവർ തകരാർ മൂലം താളം തെറ്റിയിരിക്കുകയാണ്.

സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW

## ഹാസ്യ സാമ്രാട്ട് മാമുക്കോയക്ക് വിട

മലയാള സിനിമയിലെ ഹാസ്യ സാമ്രാട്ട് അരങ്ങൊഴിഞ്ഞു. തീർത്തും അപ്രതീക്ഷിതമായിരുന്നു നടൻ മാമുക്കോയയുടെ വിയോഗം. ജീവിതാവസാന നിമിഷങ്ങളിലും അങ്ങേയറ്റം പ്രണയിച്ചിരുന്ന ഫുട്ബോൾ മത്സര വേദിയിൽ വച്ചാണ് അദ്ദേഹത്തിന് ദേഹാസ്വാസ്ഥ്യം ഉണ്ടാവുകയും തുടർന്ന് ആശുപത്രിയിൽവച്ച് ജീവഹാനിയുണ്ടാവുകയും ചെയ്തത്. മലയാളികളുടെ സിനിമാനുഭവത്തെ വേറിട്ട വഴിയിലൂടെ നടത്തിക്കുകയും കലർപ്പില്ലാതെ ഹാസ്യം അനുഭവഭേദ്യമാക്കുകയും ചെയ്ത നടനാണ് മാമുക്കോയ. സിനിമാലോകവും മലയാളി പ്രേക്ഷകനും എക്കാലവും നെഞ്ചേറ്റുന്ന നിരവധിയായ അവിസ്മരണീയ അനുഭവങ്ങൾ അദ്ദേഹം വെള്ളിത്തിരയിൽ തകർത്തഭിനയിച്ചു. ചിരിയുടെ മാലപടക്കത്തിന് തിരികൊളുത്തുന്ന അഭിനയ പാടവം കൈമുതലുണ്ടായിരുന്ന അപൂർവ്വം ചില നടന്മാരിൽ ഒരാളാണ് മാമുക്കോയ. മലബാറിന്റേയും കോഴിക്കോടിന്റേയും തനിനാടൻ ശൈലിയിലൂടെ അദ്ദേഹം പ്രേക്ഷകരെ കുടുകുടാ ചിരിപ്പിച്ചു. ഒരു സിനിമ മുന്നോട്ട് വയ്ക്കുന്ന അനുഭവങ്ങളുടെ ആകെ തുകയിൽ ഒഴിച്ചു കൂടാനാവത്തതാണ് ഹാസ്യം. ആ ഹാസ്യം ഇത്രയേറെ അഭിനയിച്ച് പ്രതിഫലിപ്പിച്ച നടൻമാരിൽ പ്രമുഖനാണ് മാമുക്കോയ. മലയാള സിനിമയിൽ പ്രവേശിക്കുന്നതിന് മുമ്പ് കോഴിക്കോടൻ നാടകവേദികളിലും മാമുക്കോയ നിറഞ്ഞാടി. നാടകത്തെ നെഞ്ചേറ്റിയ അദ്ദേഹം നാടകത്തിൽ നിന്നാണ് സിനിമയിലേക്കെത്തുന്നത്. 1946 ജൂലൈ അഞ്ചിന് കോഴിക്കോട്ടെ പള്ളിക്കണ്ടിയിൽ ജനിച്ച അദ്ദേഹം പത്താംക്ലാസുവരെ എം.എം ഹൈസ്കൂളിലാണ് പഠിച്ചത്. തുടർന്ന് ജീവിത ഭാരം പേറി തൊഴിലിലേക്കിറങ്ങി. ഇക്കാലത്ത് നാടകാഭിനയം കൂട്ടിനുണ്ടായിരുന്നു. കെ.ടി പ്രദീപും വാസുപ്രദീപും എ.കെ പുതിയങ്ങാടിയും നൽകിയ പ്രോത്സാഹനം നാടകമേഖലയിൽ തിളങ്ങാൻ ഈ കലാകാരനെ പ്രാപ്തനാക്കി.

1979ൽ നിലമ്പൂർ ബാലന്റെ അന്യരുടെ ഭൂമി എന്ന സിനിമയിലൂടെയാണ് മാമുക്കോയ തിരശ്ശീലയിലെത്തുന്നത്. ജീവിതത്തിന്റെ നാലര പതിറ്റാണ്ട് നീണ്ട അഭിനയ ജീവിതത്തിന്റെ തുടക്കമായിരുന്നു അത്. പിന്നീട് 500ഓളം സിനിമകളിൽ അദ്ദേഹം വേഷം ചെയ്തു. എല്ലാം പ്രേക്ഷകലോകം ഇരുകൈയ്യും നീട്ടി സ്വീകരിച്ചു. കാലഘട്ടങ്ങളെ അടയാളപ്പെടുത്തുന്നതാണല്ലോ സിനിമകൾ. നാടോടിക്കാറ്റിലെ ഗഫൂർ കാ ദോസ്തിലൂടെ വിസ കച്ചവടത്തിൽ പെട്ടിരുന്ന മലയാളികളുടെ നേർച്ചിത്രം വളരെ രസകരമായി എല്ലാകാലത്തും ഓർത്ത് ചിരിക്കാൻ ഈ മഹാനാടൻ ഭംഗിയായി അവതരിപ്പിച്ചു. ചെറിയ വേഷങ്ങളിൽ തുടങ്ങിയ ആ അഭിനയജീവിതം പ്രധാന വേഷങ്ങളും നായകവേഷവും കെട്ടിയാടി. ജീവിതത്തെ ഹാസ്യാത്മകമായി സമീപിക്കാൻ അദ്ദേഹം വഴിയൊരുക്കി. കോഴിക്കോടൻ മാപ്പിള ഭാഷയ്ക്ക് മലയാള സിനിമയിൽ ഒരിടം കണ്ടെത്തിയത് മാമുക്കോയയിലൂടെയായിരുന്നു. മന്ത്രമോതിരത്തിലെ മഹർഷിയും ഹിസ് ഹൈനസ് അബ്ദുള്ളയിലെ നമ്പൂതിരി വേഷം കെട്ടിയ മാപ്പിളയും മാമുക്കോയ നമ്മെ ഹാസ്യത്തിലാറാടിച്ചു. കൺകെട്ടിലെ കീലേരി അച്ചു, റാംജിറാവുവിലെ ഹംസക്കോയ, മഴവിൽക്കാവടിയിലെ കുഞ്ഞികാദർ എന്നീ കഥാപാത്രങ്ങളേയും മാമുക്കോയ തനത് ശൈലിയിൽ അവതരിപ്പിച്ചു. അഭിനയ ജീവിതത്തോടൊപ്പം സാമൂഹിക പ്രശ്നങ്ങളിലും അദ്ദേഹം ഇടപെടാൻ സമയം കണ്ടെത്തിയിരുന്നു. നേരിനായി നിലകൊള്ളുകയും ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ തെരുവിലിറങ്ങുകയും സിനിമാ മേഖലയിലെ കള്ളും കലയും തമ്മിലുള്ള അവിശുദ്ധ ബന്ധത്തേയും അദ്ദേഹം വിമർശിച്ചു. കോഴിക്കോട് സംഭാവന ചെയ്ത് ഈ ഹാസ്യസാമ്രാട്ട് വിടപറഞ്ഞിരിക്കുകയാണ്. മലയാളി ഉള്ളിടങ്ങളിൽ ചിരിയുടെ തിരിക്ക് തീ കൊളുത്താൻ കെൽപ്പുള്ള ഈ നടന്റെ അഭാവം നമുക്ക് നികത്താനാവാത്തതാണ്. മലയാള സിനിമയിൽ സമശീർഷനായ ഇന്നസെന്റ് വിടവാങ്ങിയിട്ട് ചുരുക്കം ദിവസങ്ങളേ ആയിട്ടുള്ളൂ. അതിനിടയിലാണ് മാമുക്കോയയുടെ വിയോഗവാർത്ത നമ്മെ ദുഃഖിപ്പിക്കുന്നത്. നാട്യങ്ങളില്ലാത്ത പച്ചയായ ഈ കലാകാരന്റെ വിയോഗത്തിൽ പീപ്പിൾസ് റിവ്യൂ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# ഒ.ടി.ടി പ്ലാറ്റ്ഫോം ഉള്ളടക്കത്തിൽ നിയന്ത്രണം കർശനമാക്കാൻ കേന്ദ്രനീക്കം

ന്യൂഡൽഹി: ഹൈക്കോടതി നിർദേശം മറികടന്ന ഒ.ടി.ടി പ്ലാറ്റ്ഫോമുകളുടെ ഉള്ളടക്കങ്ങളിൽ നിയന്ത്രണം കർശനമാക്കാൻ കേന്ദ്ര നീക്കം. നെറ്റ്ഫ്ളിക്സ്, ആമസോൺ പ്രൈം വീഡിയോ തുടങ്ങിയ ഒ.ടി.ടി പ്ലാറ്റ്ഫോമുകളുടെ ഉള്ളടക്കങ്ങളിൽ ഐ.ടി നിയമം 2021 പ്രകാരം 'നിലവാരം കുറഞ്ഞ' ഉള്ളടക്കം സംപ്രേക്ഷണം ചെയ്യുന്നതിൽ നിയന്ത്രണം കടുപ്പിക്കാനാണ് കേന്ദ്രത്തിന്റെ നീക്കം. ഭാരതീയ സംസ്കാരത്തെ വ്രണപ്പെടുത്തുന്ന ഉള്ളടക്കം തടയുമെന്ന മുന്നറിയിപ്പ് നൽകിക്കൊണ്ട് വാർത്താ വിതരണ മന്ത്രി അനുരാഗ് താക്കൂർ അടുത്തിടെ രംഗത്തെത്തിയിരുന്നു. ഇതിന്റെ ഭാഗമായി ചില പരമ്പരകൾക്കും ഷോകൾക്കും നിയന്ത്രണവും ഏർപ്പെടുത്തി. ടി.വിയിൽ സംപ്രേക്ഷണ വിലക്കുള്ള പരിപാടികൾ ഒ.ടി.ടി പ്ലാറ്റ്ഫോമുകളിലൂടെ സ്ട്രീം ചെയ്യുന്നുണ്ടെന്നും ഇതിന് തടയിടുമെന്നും അന്നുതന്നെ അനുരാഗ് താക്കൂർ മുന്നറിയിപ്പ് നൽകിയിരുന്നു. ഇതിന്റെ തുടർച്ചയായാണ് കേന്ദ്രത്തിന്റെ നടപടിയെന്നാണ് വിലയിരുത്തൽ. ഐ.ടി നിയമത്തിലെ രണ്ട് വ്യവസ്ഥകൾക്ക് ഹൈക്കോടതി സ്റ്റേ നിലനിൽക്കെയാണ് നിയന്ത്രണങ്ങൾ വരുന്നത്. വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം രണ്ട്




നിർദേശങ്ങളാണ് പുറപ്പെടുവിച്ചത്. ഒ.ടി.ടി പ്ലാറ്റ്ഫോമുകൾ ഗ്രീവിയൻസ് ഉദ്യോഗസ്ഥനെ നിയമിക്കണമെന്നും വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കണമെന്നുമാണ് ആദ്യത്തെ നിർദേശം. ഗ്രീവിയൻസ് ഉദ്യോഗസ്ഥനെ നിയമിക്കണമെന്ന ഐ.ടി നിയമത്തിന് ഹൈക്കോടതി സ്റ്റേ നിലനിൽക്കെയാണ് ഇതിനെ മറികടന്നുള്ള നിർദേശം. സിനിമകളും വെബ് സീരീസുകളും ഐ.ടി നിയമങ്ങളിൽ പറഞ്ഞിരിക്കുന്ന 'കോഡ് ഒഫ് എത്തിക്സ്' പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നതാണ് രണ്ടാമത്തേത്.2021ലെ ഐ.ടി നിയമത്തിലെ കോഡ് ഓഫ് എത്തിക്സ് 9(1) മദ്രാസ്, ബോംബെ ഹൈക്കോടതികൾ സ്റ്റേ ചെയ്തതിനാൽ, ഒ.ടി.ടി പ്ലാറ്റ്ഫോമുകൾ നിലവിൽ നിബന്ധനകൾക്ക് വിധേയമല്ലെന്നാണ് ഇന്റർനെറ്റ് ഫ്രീഡം ഫൗണ്ടേഷൻ ഒരു പ്രസ്താവനയിൽ പറഞ്ഞത്. സർക്കാർ ഉപദേശക സമിതിക്കു പുറമേ, നെറ്റ്ഫ്ളിക്സ്, ആമസോൺ പ്രൈം വീഡിയോ, ആൾട്ട് ബാലാജി എന്നീ പ്ലാറ്റ്ഫോമുകൾ അംഗങ്ങളായി ഒരു സമിതി രൂപീകരിച്ചിരുന്നു. എന്നാൽ ചില പ്ലാറ്റ്ഫോമുകൾ പരാതി ഉദ്യോഗസ്ഥനോ പരാതികളുടെ പ്രതിമാസ റിപ്പോർട്ടുകളോ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്തത് നിയമവുമായി പൊരുത്തപ്പെടുന്നതല്ലെന്ന് ഡിജിറ്റൽ പബ്ലിഷർ കണ്ടന്റ് ഗ്രീവൻസ് കൗൺസിലിന്റെ (ഡി.പി.സി.ജി.സി) പരാതി പരിഹാര ബോർഡ് ചെയർപേഴ്സൺ ജസ്റ്റിസ് എ.കെ സിക്രി പറഞ്ഞിരുന്നു.



ഛത്തീസ്ഗഡിലെ ദന്തേവാഡ ജില്ലയിൽ മാവോയിസ്റ്റുകൾ നടത്തിയ ഐ.ഇ.ഡി സ്ഫോടനത്തിൽ റോഡിൽ ഉണ്ടായ വലിയ ഗർത്തം

# ഛത്തീസ്ഗഡിലെ മാവോയിസ്റ്റ് ആക്രമണം; ഉപയോഗിച്ചത് 50 കിലോഗ്രാം ഐ.ഇ.ഡി

ന്യൂഡൽഹി: ഛത്തീസ്ഗഡിൽ മാവോയിസ്റ്റ് ആക്രമണത്തിൽ ഉപയോഗിച്ചത് 50 കിലോഗ്രാം ഭാരമുള്ള ഇംപ്രൊവൈസ്ഡ് എക്സ്പ്ലോസീവ് ഉപകരണം (ഐ. ഇ. ഡി). സ്ഫോടനം റോഡിൽ വൻ കുഴിയുണ്ടാക്കുകയും മരങ്ങൾ പിഴുതെറിയുകയും ചെയ്തു. സ്ഫോടനത്തിന്റെ ശക്തിയിൽ വാഹനം 20 അടി ദൂരേക്ക് തെറിച്ചു.

തകർന്ന വാനിന്റെ അവശിഷ്ടങ്ങൾ സ്ഫോടനസ്ഥലത്ത് നിന്ന് 150 മീറ്റർ അകലെ വീണതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഡിസ്ട്രിക്റ്റ് റിസർവ് ഗാർഡിന്റെ പോലിസുകാർ വാടകയ്ക്ക് എടുത്ത മിനി വാനിലാണ് യാത്ര ചെയ്തതെന്ന് അധികൃതർ പറഞ്ഞു. ഇവർ സഞ്ചരിച്ച വാഹനത്തിന് ബാലിസ്റ്റിക് സുരക്ഷയുണ്ടായിരുന്നില്ല. അപകടത്തിൽ പത്തു പോലിസുകാരും ഡ്രൈവറും കൊല്ലപ്പെട്ടു. ദന്തേവാഡ ജില്ലയിലാണ് വൻ ആക്രമണം നടന്നത്.

സമീപകാലത്ത് സുരക്ഷാ സേനക്കെതിരേ മാവോയിസ്റ്റുകൾ നടത്തുന്ന ഏറ്റവും വലിയ ആക്രമണമാണ് ദന്തേവാഡയിലേത്. ആക്രമണത്തിൽ 10 അടി ആഴവും 20 അടി വീതിയുമുള്ള ഗർത്തം രൂപപ്പെട്ടു.

പോലിസുകാർ സഞ്ചരിച്ചിരുന്ന വാൻ ലക്ഷ്യമാക്കി മാവോയിസ്റ്റുകൾ വലിയ അളവിൽ സ്ഫോടകവസ്തുക്കൾ ഉപയോഗിച്ചിട്ടുണ്ടാകാമെന്ന് ടെറിട്ടോറിയൽ ആർമിയുടെ മുൻ മേധാവി മേജർ ജനറൽ അശ്വിനി സിവാച്ച് പറഞ്ഞു. മാവോയിസ്റ്റ് വിരുദ്ധ ഓപ്പറേഷൻ നടത്തി മടങ്ങുന്നതിനിടെയാണ് ഡി.ആർ.ജി സംഘത്തിന് നേരെ ആക്രമണം നടന്നത്. പ്രത്യേക സുരക്ഷാ സേന കാട്ടിൽ ഒളിച്ച അക്രമികളെ തിരയുകയാണെന്ന് വൃത്തങ്ങൾ പറഞ്ഞു. പ്രദേശത്ത് നിയന്ത്രണം സ്ഥാപിക്കാനുള്ള ശ്രമമായാണ് മാവോയിസ്റ്റ് ആക്രമണത്തെ അധികൃതർ കാണുന്നത്. സർക്കാരിന്റെ പുനരധിവാസ നയത്തെ തുടർന്ന് ഓരോ വർഷവും 400-ലധികം മാവോയിസ്റ്റുകൾ കീഴടങ്ങുന്നതായി ബസ്തർ റേഞ്ച് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലിസ് സുന്ദർരാജ്.പി പറഞ്ഞു.

## ഗുസ്തി താരങ്ങളുടെ പരാതിയിൽ പ്രാഥമിക അന്വേഷണം വേണം: തുഷാർ മേത്ത



ന്യൂഡൽഹി: റസ്ലിങ് ഫെഡറേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റും ബി.ജെ.പി എം.പിയുമായ ബ്രിജ് ഭൂഷണെതിരേ വനിതാ ഗുസ്തി താരങ്ങൾ ഉന്നയിച്ച ലൈംഗിക പീഡന പരാതിയിൽ പ്രാഥമിക അന്വേഷണം നടത്തേണ്ടതുണ്ടെന്ന് സോളിസിറ്റർ ജനറൽ തുഷാർ മേത്ത. സുപ്രീം കോടതി നിർദേശിച്ചാൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാൻ ഡൽഹി പോലിസ് സന്നദ്ധമാണെന്നും എന്നാൽ അതിനു മുമ്പ് ഡൽഹി പോലിസിന് പ്രാഥമിക അന്വേഷണം നടത്തേണ്ടതുണ്ടെന്നും അദ്ദേഹം സുപ്രീം കോടതിയെ അറിയിച്ചു.ഏഴ് വനിതാ ഗുസ്തി താരങ്ങളുടെ ഹർജിയിൽ മറുപടി നൽകാൻ ഡൽഹി പോലിസിന് വെള്ളിയാഴ്ച വരെ സമയം നൽകിയിരുന്നു. പരാതിക്കാരിലൊരാൾ പ്രായപൂർത്തിയാകാത്തതാണ്. സാധാരണഗതിയിൽ ക്രിമിനൽ നടപടി ക്രമം 156-ാം വകുപ്പ് പ്രകാരം പോലിസ് സൂപ്രണ്ടിന് പരിഹരിക്കാവുന്ന പരാതിയാണെന്ന് നിരീക്ഷിച്ച ശേഷമാണ് ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് ഡൽഹി പോലിസിന് നോട്ടീസ് അയച്ചത്. കേസ് വീണ്ടും പരിഗണിക്കാനായി ഏപ്രിൽ 28ലേക്ക് മാറ്റി. ജന്തർ മന്തറിൽ സമരം തുടരുന്നതിനിടെ ഗുസ്തി താരങ്ങൾ സമർപ്പിച്ച ഹർജിക്ക് രേഖാമൂലം മറുപടി നൽകുന്നതിനു പകരമാണ് സോളിസിറ്റർ ജനറൽ കോടതിയിലെത്തി നിലപാട് അറിയിച്ചത്. ചില വിഷയങ്ങൾ എഫ്.ഐ.ആറിന് മുമ്പ് പരിശോധിക്കേണ്ടതുണ്ട്. ഡൽഹി പോലിസ് പ്രാഥമിക അന്വേഷണം നടത്തേണ്ടതുണ്ടെന്നും അദ്ദേഹം കോടതിയെ അറിയിച്ചു. സുപ്രീം കോടതി നോട്ടീസ് അയച്ചിട്ടും ഡൽഹി പോലിസ് എന്തുകൊണ്ടാണ് എഫ്. ഐ. ആർ രജിസ്റ്റർ ചെയ്യാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാനാണ് ഇക്കാര്യം പരാമർശിക്കുന്നതെന്ന് സോളിസിറ്റർ ജനറൽ പറഞ്ഞു.

## മീഡിയ വൺ റിപ്പോർട്ടർക്കെതിരായ ആക്രമണം; നടപടി ആവശ്യപ്പെട്ട് എ.എ റഹിം എം.പി

ന്യൂഡൽഹി: മീഡിയ വൺ ഡൽഹി ബ്യൂറോ ചീഫ് ധനസുമോദിന് നേരെയുണ്ടായ ഗുണ്ടാ ആക്രമണത്തിൽ അന്വേഷണം ആവശ്യപ്പെട്ട് എ.എ റഹിം എം.പി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായ്ക്ക് കത്തയച്ചു. മാധ്യമപ്രവർത്തകനു നേരെയുണ്ടായ ആക്രമണം ഒറ്റപ്പെട്ടതല്ലെന്നും ഡൽഹിയിൽ ഇത്തരത്തിലുള്ള ആക്രമണങ്ങൾ വർധിച്ചു വരികയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. വിഷയത്തിൽ കേന്ദ്ര സർക്കാർ അടിയന്തിരമായി ഇടപെടണമെന്നും ധനസുമോദിന് ഉടൻ നീതി ലഭ്യമാക്കണമെന്നും എ.എ റഹിം എം.പി ആവശ്യപ്പെട്ടു.



## കർണാടക തെരഞ്ഞെടുപ്പ് ജെ.ഡി.എസിന് നിർണായകം; പ്രചാരണത്തിന് മമതയും ചന്ദ്രശേഖർ റാവുവും പിണറായിയും

ബംഗളൂരു: മെയ് 10ന് നടക്കുന്ന കർണാടക തെരഞ്ഞെടുപ്പിന് മുന്നോടിയായി താര പ്രചാരണം കനക്കുകയാണ്. ജെ.ഡി.എസിന് നിർണായകമായ തെരഞ്ഞെടുപ്പാണ് വരാൻ പോകുന്നത്. അതുകൊണ്ടുതന്നെ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി, തെലങ്കാന മുഖ്യമന്ത്രി ചന്ദ്രശേഖർ റാവു, കേരള മുഖ്യമന്ത്രി പിണറായി വിജയൻ എന്നിവർ ജെ.ഡി.എസിനായി പ്രചാരണത്തിനെത്തുമെന്നാണ് വിവരം. തെലങ്കാന മുഖ്യമന്ത്രി ചന്ദ്രശേഖർ റാവു ചിക്കബല്ലാപ്പൂർ, കോലാർ ജില്ലകളിലും കർണ്ണാടക, ആന്ധ്രാപ്രദേശ് അതിർത്തി മണ്ഡലങ്ങളായ റായ്ച്ചൂർ, യാദ്ഗിരി എന്നിവിടങ്ങളിലും പ്രചാരണം നടത്തുമെന്നാണ് വിവരം. തെരഞ്ഞെടുപ്പ് പ്രചാരണം നിയന്ത്രിക്കാൻ ജെ.ഡി.എസ് സംസ്ഥാന പ്രചാരണ സമിതി രൂപീകരിച്ചിട്ടുണ്ട്. അടുത്തിടെ കോൺഗ്രസ് വിട്ട് ജെ.ഡി.എസിൽ ചേർന്ന ധനഞ്ജയയുടെ അധ്യക്ഷതയിൽ 21 അംഗ കമ്മിറ്റിയാണ് രൂപീകരിച്ചിരിക്കുന്നത്.

അതേസമയം, അടുത്ത വർഷം നടക്കാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ മൂന്നാം മുന്നണി രൂപീകരണ പ്രവർത്തനങ്ങളും ഇതിനൊപ്പം നടക്കുന്നുണ്ട്. ചന്ദ്രശേഖർ റാവു ബംഗളൂരുവിലെത്തി ജെ. ഡി. എസ് അധ്യക്ഷൻ എച്ച്.ഡി ദേവഗൗഡയുമായി ചർച്ച നടത്തിയതും, കൂടാതെ മുൻ മുഖ്യമന്ത്രി എച്ച്. ഡി കുമാരസ്വാമി പശ്ചിമ ബംഗാളിൽ പോയി മമത ബാനർജിയുമായും ചർച്ചകൾ നടത്തിയതും പസ്പര സഹകരണം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ ആയിരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാന തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ പങ്കെടുക്കുമെന്ന് അന്ന് തന്നെ മമത ഉറപ്പ് നൽകിയിരുന്നു. അതുകൊണ്ടുതന്നെ മമത ജെ. ഡി .എസിന് വേണ്ടി പ്രചാരണത്തിനെത്തും.

അതേസമയം കർണാടകയിലെ മൂന്ന് മണ്ഡലങ്ങളിൽ ജെ.ഡി.എസ് സി.പി.എമ്മിനെ പിന്തുണക്കുന്നുണ്ട്. അതുകൊണ്ടുതന്നെ കേരള മുഖ്യമന്ത്രി പിണറായി വിജയനെയും പ്രചാരണത്തിനെത്തിക്കാൻ ആലോചന നടക്കുന്നുണ്ട്. 2018-ൽ സംഭവിച്ചതുപോലെ ജെ.ഡി.എസിനോ കോൺഗ്രസിനോ കേവല ഭൂരിപക്ഷം ലഭിക്കാതെ പോയാലോ നേടിയാലോ അതിന്റെ നിർണായക പങ്ക് ജെ.ഡി.എസിന് തന്നെ ആയിരിക്കും. അതുകൊണ്ടു തന്നെ ജെ.ഡി.എസിന് ഈ തെരഞ്ഞെടുപ്പ് നിർണായകമാണ്.

## സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസത്തേക്ക് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത

തിരുവനന്തപുരം: സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴ ലഭിക്കുമെന്നാണ് കേന്ദ്ര കാലാവസ്ഥാവകുപ്പ്. ഇന്ന് മൂന്ന് ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. ഇടുക്കി, എറണാകുളം, വയനാട് എന്നീ ജില്ലകളിലാണ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്. 28ന് വയനാട്, എറണാകുളം എന്നീ ജില്ലകളിലും 29ന് ഇടുക്കി, പാലക്കാട് 30ന് പത്തനംതിട്ട, ഇടുക്കി, എറണാകുളം മേയ് ഒന്നിന് പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിലുമാണ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്.

ഈ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിട്ടുള്ളത്. ബുധനാഴ്ച തിരുവനന്തപുരത്ത് ശക്തമായ മഴയാണ് ലഭിച്ചത്. തിരുവനന്തപുരം നഗരത്തിൽ മാത്രം 15 മിനിട്ടിൽ 16.5 മില്ലിമീറ്റർ മഴയാണ് ലഭിച്ചത്. വെള്ളായണി മേഖലയിൽ 15 മിനിട്ടിൽ 9.5 മില്ലി മീറ്റർ മഴ ലഭിച്ചു.

അതേസമയം പകൽ സമയങ്ങളിൽ സാധാരണയേക്കാൾ ഉയർന്ന താപനിലയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. പാലക്കാട്, കോഴിക്കോട് ജില്ലകളിൽ താപനില മുന്നറിയിപ്പ് തുടരുന്നുണ്ട്. ഈ ജില്ലകളിൽ സാധാരണയുള്ളതിനേക്കാൾ രണ്ട് മുതൽ മൂന്ന് ഡിഗ്രി വരെ ഉയർന്ന താപനില ലഭിക്കും. പാലക്കാട് ഉയർന്ന താപനില 38 ഡിഗ്രി സെൽഷ്യസും കോഴിക്കോട് 37 ഡിഗ്രി സെൽഷ്യസുമാണ്.

# മതാടിസ്ഥാനത്തിലുള്ള സംവരണം ഭരണഘടനാവിരുദ്ധം: കർണാടക

ബംഗളൂരു: മതാടിസ്ഥാനത്തിലുള്ള സംവരണം ഭരണഘടനവിരുദ്ധമാണെന്ന് നാല് ശതമാനം മുസ്ലീം സംവരണം ഒഴിവാക്കിയ നടപടിയെ ന്യായീകരിച്ച് സുപ്രീം കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ച് കർണാടക സർക്കാർ. സർക്കാർ ജോലികളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മുസ്ലിംകൾക്ക് ഏർപ്പെടുത്തിയിരുന്ന നാല് ശതമാനം സംവരണം റദ്ദ് ചെയ്തുക്കൊണ്ടുള്ള സംസ്ഥാന സർക്കാർ തീരുമാനത്തെ ചോദ്യം ചെയ്ത് വിവിധ മുസ്ലീം സംഘടനകൾ സുപ്രീംകോടതിയെ സമീപിച്ചിരുന്നു. ഒരു പഠനവും നടത്താതെയാണ് കർണാടക സർക്കാർ സംവരണം എടുത്തുകളഞ്ഞതെന്ന് സംഘടനകൾ പറയുന്നു. സംവരണം പിൻവലിക്കാനുമുള്ള തീരുമാനം തെറ്റായ അനുമാനത്തിന്റെ അടിസ്ഥാനത്തിലാണെന്ന് സുപ്രീംകോടതി വാക്കാൽ വിമർശിച്ചിരുന്നു.

തിടുക്കപ്പെട്ടുള്ള തീരുമാനത്തിന്റെ കാരണമെന്തായിരുന്നുവെന്നും ജഡ്ജിമാരായ കെ.എം.ജോസഫ്, ബി.വി നാഗരത്ന എന്നിവരുടെ ബെഞ്ച് ചോദിച്ചിരുന്നു. ഈ സാഹചര്യത്തിലാണ് കർണാടകം സത്യവാങ്മൂലം സമർപ്പിച്ചത്. മുസ്ലിം സമുദായത്തിന് പ്രത്യേക സംവരണം കേരളത്തിൽ മാത്രമാണെന്നും മറ്റു സംസ്ഥാനങ്ങളിൽ ഇത് ബാധകമല്ലെന്നും സത്യവാങ്മൂലത്തിൽ വ്യക്തമാക്കുന്നു. സംവരണം എടുത്തു കളഞ്ഞ സമയത്തെ കുറിച്ചുള്ള ഹർജിക്കാരുടെ വാദം അപ്രധാനമാണെന്നും സത്യവാങ്മൂലത്തിൽ ചൂണ്ടിക്കാണിക്കുന്നു. തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് ഒരാഴ്ച മുമ്പാണ് സംവരണം എടുത്തുകളഞ്ഞുള്ള കർണാടക സർക്കാർ തീരുമാനം.

# ചൈനയിൽ കൊവിഡ് നിയന്ത്രണങ്ങളിൽ വീണ്ടും ഇളവ്

ബീജിങ്: സീറോ കൊവിഡ് നയത്തിൽ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി ചൈനയിൽ വീണ്ടും കൊവിഡ് ഇളവ്. രാജ്യത്തേക്ക് എത്തുന്നവർക്ക് ഇനി നെഗറ്റീവ് ആർ.ടി.പി.സി.ആർ ടെസ്റ്റ് നിർബന്ധമല്ല.

പി.സി.ആർ ടെസ്റ്റിന് പകരം 48 മണിക്കൂർ മുമ്പെടുത്ത ആന്റിജൻ ടെസ്റ്റ് ഉപയോഗിച്ച് രാജ്യത്ത് പ്രവേശിക്കാനാകും. ശനിയാഴ്ച മുതൽ പുതിയ ഇളവ് പ്രാബല്യത്തിൽ വരുമെന്ന് ചൈനീസ് വിദേശകാര്യ മന്ത്രാലയം വക്താവ് മാവോ നിങ് അറിയിച്ചു.

കഴിഞ്ഞ മൂന്നു വർഷമായി കടുത്ത കൊവിഡ് നിയന്ത്രണങ്ങൾ തുടരുന്ന ചൈനയിൽ സീറോ കൊവിഡ് വ്യവസ്ഥയ്ക്കെതിരേ പ്രതിഷേധമുയർന്നിരുന്നു. കടുത്ത നിയമങ്ങൾ സമ്പദ് വ്യവസ്ഥയെ ബാധിച്ചതാണ് പ്രതിഷേധങ്ങൾക്ക് കാരണം. ഇതോടെയാണ് സീറോ കൊവിഡ് നയത്തിൽ ഇളവനുവദിക്കാൻ തീരുമാനിച്ചത്.

## സ്വവർഗവിവാഹം നിഷിദ്ധബന്ധങ്ങൾക്ക് ന്യായീകരണമാകും: നിലപാട് കടുപ്പിച്ച് കേന്ദ്ര സർക്കാർ

ന്യൂഡൽഹി: സ്വവർഗ വിവാഹം കോടതി പരിഗണിക്കേണ്ട വിഷയമല്ലെന്ന് കേന്ദ്രം സുപ്രീംകോടതിയിൽ സ്വവർഗ വിവാഹം അംഗീകരിച്ചാൽ നിഷിദ്ധ ബന്ധങ്ങൾക്ക് അത് നാളെ ന്യായീകരണമാകുമെന്ന് സോളിസിറ്റർ ജനറൽ തുഷാർ മേത്ത കോടതിയിൽ വാദിച്ചു. സഹോദരങ്ങളുമായി ബന്ധം പുലർത്തുന്നത് മൗലിക അവകാശം എന്ന് നാളെ ഒരാൾ വാദിച്ചാൽ എന്തു ചെയ്യും എന്ന ചോദ്യമാണ് കേന്ദ്രം ഉന്നയിച്ചത്. ബഹുഭാര്യത്വം അംഗീകരിക്കുന്നതിനുള്ള വഴിയായി കോടതി വിധിയെ ചിലർ ആയുധമാക്കുമെന്നും തുഷാർ മേത്ത പറഞ്ഞു.

അത്തരം വാദങ്ങൾ വിഷയത്തെ അനാവശ്യമായി പെരുപ്പിച്ചു കാട്ടുന്നതാവുമെന്ന് ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് പ്രതികരിച്ചു. കോടതി പരിഗണിക്കേണ്ട വിഷയമല്ലയിതെന്നും വാദം നിറുത്തി വയ്ക്കണമെന്നും ഇന്നലെ കേന്ദ്രം ആവശ്യപ്പെട്ടിരുന്നു.

സമൂഹത്തിന് ആവശ്യമില്ലാത്ത കാര്യങ്ങൾ കോടതി അടിച്ചേൽപ്പിക്കരുതെന്ന് നിയമമന്ത്രി കിരൺ റിജിജു പറഞ്ഞു. രാജ്യത്തെ എല്ലാ ജനങ്ങളെയും ബാധിക്കുന്ന വിഷയം പാർലമെന്റിനു വിടുകയാണ് കോടതി ചെയ്യേണ്ടതെന്നും കിരൺ റിജിജു വ്യക്തമാക്കി.

## ബഫർസോൺ വിധിയിൽ ഇളവു വരുത്തി സുപ്രീംകോടതി: സമ്പൂർണ നിയന്ത്രണങ്ങൾ നീക്കി




ന്യൂഡൽഹി: ബഫർസോൺ വിധിയിൽ ഇളവു വരുത്തി സുപ്രീംകോടതി ഉത്തരവ്. ഏറെ വിമർശനങ്ങൾ ഏറ്റുവാങ്ങിയ മുൻ ഉത്തരവിൽ ഭേദഗതിക്കൊണ്ടു വന്നാണ് ജസ്റ്റിസ് ബി. ആർ ഗവായ് അധ്യക്ഷനായ ബെഞ്ച് സമ്പൂർണ നിയന്ത്രണങ്ങൾ നീക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചത്. പുതിയ ഉത്തരവ് പ്രകാരം ക്വാറി അടക്കമുള്ളവയ്ക്ക് നിയന്ത്രണം തുടരും. വലിയ നിർമാണ പ്രവർത്തനങ്ങൾക്കും നിയന്ത്രണമുണ്ടാകും. കുടിയൊഴിപ്പിക്കൽ ഉണ്ടാകില്ല. കഴിഞ്ഞ ജൂൺ മൂന്നിലെ സുപ്രീംകോടതി വിധി അനുസരിച്ച് സംരക്ഷിത ഉദ്യാനങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർസോൺ പ്രഖ്യാപിച്ചിരുന്നു. ഈ മേഖലയിലെ നിർമാണ പ്രവർത്തനം ഉൾപ്പെടെ നിരോധിച്ചിരുന്നുവെന്ന് അമിക്കസ് ക്യൂറി കെ. പരമേശ്വരൻ ചൂണ്ടിക്കാട്ടി.

വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർസോൺ നിശ്ചയിക്കുമ്പോൾ അവിടെ നിർമാണ പ്രവർത്തനങ്ങൾക്ക് സമ്പൂർണ നിരോധനം പറ്റില്ലെന്ന് സുപ്രീംകോടതി വാക്കാൽ നിരീക്ഷിച്ചു.


ഒരു കിലോമീറ്റർ ബഫർസോൺ നിർബന്ധമാക്കിയ ജൂൺ 23ലെ വിധി ആ പ്രദേശങ്ങളിലുള്ളവർക്ക് വായ്പ കിട്ടാത്ത സ്ഥിതിയുണ്ടാക്കിയെന്ന് ഹർജിക്കാർ വ്യക്തമാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അവിടെ താമസിക്കുന്നവരുടെ തൊഴിൽ, ടൂറിസം എന്നിവയെ ബാധിക്കുമെന്നും നിർമാണ നിരോധനം ഈ മേഖലയിൽ പ്രായോഗികമല്ലെന്നും ജസ്റ്റിസ് ഗവായ് പറഞ്ഞു. ഖനനം പോലെ ഈ മേഖലയിൽ നിരോധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് മാത്രമാണ് ബഫർസോൺ വിധിയിലൂടെ ലക്ഷ്യമിട്ടതെന്ന് കോടതി പറഞ്ഞു.

## ട്രംപിനെതിരേ ലൈംഗിക ആരോപണവുമായി അമേരിക്കൻ എഴുത്തുകാരി ഇ ജീൻ കരോൾ



വാഷിങ്ടൺ: അമേരിക്കൻ മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെതിരെ ലൈംഗിക ആരോപണവുമായി അമേരിക്കൻ എഴുത്തുകാരിയും കോളമിസ്റ്റുമായ ഇ ജീൻ കരോൾ. ട്രംപ് തന്നെ ബലാത്സംഗം ചെയ്തുവെന്നും ഭീഷണിപ്പെടുത്തിയെന്നുമാണ് ഇ ജീൻ കരോൾ കോടതിയിൽ വെളിപ്പെടുത്തിയത്. 1990ൽ ബെർഗ് ഡോർഫ് ഗുഡ്മാൻ ഡ്രസ്സിംഗ് റൂമിൽ വച്ചായിരുന്നു ട്രംപ് തന്നെ ബലാത്സംഗം ചെയ്തതെന്നാണ് ജീൻ കരോളിന്റെ ആരോപണം. ഇത് പുറത്തു പറഞ്ഞാൽ തന്നെ നശിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തിയതായും ജീൻ പറഞ്ഞു. ഇതേ തുടർന്നുള്ള ഭയമാണ് ഇക്കാര്യം താൻ ആരോടും പറയാതിരുന്നതെന്നും ജീൻ വ്യക്തമാക്കി. 79 കാരിയായ ജീൻ കരോൾ പത്രപ്രവർത്തകയും എല്ലെ മാഗസിന്റെ അഡ്വൈസ് കോളമിസ്റ്റായിരുന്നു. 'ഡൊണാൾഡ് ട്രംപ് തന്നെ ബലാത്സംഗം ചെയ്തുവെന്ന പരാതി ഉയർത്തിയാണ് ഞാൻ ഇപ്പോൾ കോടതിയിൽ നിൽക്കുന്നത്. നേരത്തെ ഇതിനെ കുറിച്ച് തുറന്ന് എഴുതിയപ്പോൾ ട്രംപ അത് നിഷേധിച്ചു. എന്നെ അപകീർത്തിപ്പെടുത്തി, പ്രശസ്തി തകർത്തു. ജീവിതം തിരികെ കൊണ്ടു വരാൻ ശ്രമിക്കുകയാണ്'. ജീൻ കരോൾ കൂട്ടിച്ചേർത്തു. അതേസമയം ജീൻ കരോളിനെ താൻ ഒരിക്കലും കണ്ടിട്ടില്ലെന്നും അവർ കള്ളം പറയുകയാണെന്നും ട്രംപ് അവർത്തിച്ചു. പണവും പ്രശസ്തിയും ലക്ഷ്യം വെച്ചാണ് കേസെന്നും ട്രംപിന്റെ അഭിഭാഷകൻ വാദിച്ചു. 2016 ലെ പ്രസിഡന്റ് തിരഞ്ഞെടുപ്പിന് മുമ്പ് പോൺ താരമായ സ്റ്റോമി ഡാനിയൽസിന് 1.30 ലക്ഷം ഡോളർ (1.07 കോടിയോളം രൂപ) നൽകിയ കേസിൽ ഡൊണാൾഡ് ട്രംപ കുറ്റക്കാരനെന്ന് കോടതി കണ്ടെത്തിയിരുന്നു. ക്രിമിനൽ കുറ്റം നേരിടുന്ന ആദ്യത്തെ മുൻ യു.എസ് പ്രസിഡന്റാണ് ട്രംപ്. അതേസമയം കുറ്റം ചുമത്തിയത് രാഷ്ട്രീയ പകപോക്കലാണെന്ന് ട്രംപ് നേരത്തെ പറഞ്ഞിരുന്നു.

## യു.എ.ഇ ചാന്ദ്രദൗത്യം അവസാന നിമിഷം പരാജയം


യു.എ.ഇ റാഷിദ് റോവർ

അബുദാബി: യു.എ.ഇയുടെ റാഷിദ് റോവറിനെയും വഹിച്ചുള്ള ചാന്ദ്രദൗത്യം പരാജയപ്പെട്ടതായി റിപ്പോർട്ട്. ജപ്പാനിലെ സ്വകാര്യ ബഹിരാകാശ ഏജൻസിയായ ഐ സ്പേസുമായി സഹകരിച്ച് നടന്ന ദൗത്യമാണ് അവസാന നിമിഷം പരാജയമായി മാറിയത്. ഐ സ്പേസിന്റെ ഹകുട്ടോ ആർ.എം.വൺ ലാൻഡറിൽ നിന്ന് സന്ദേശങ്ങൾ ലഭിക്കുന്നില്ല. യു.എ.ഇ സമയം രാത്രി 8.40ന് ചന്ദ്രനിലെ അറ്റ്ലസ് ഗർത്തത്തിൽ ഇറങ്ങാനായിരുന്നു ലക്ഷ്യമിട്ടത്. എന്നാൽ അവസാന നിമിഷം ലാൻഡറുമായുള്ള ബന്ധം നഷ്ടമായെന്നാണ് ഐ സ്പേസ് വിശദമാക്കുന്നത്. ലാൻഡിങ് വിജയകരമായില്ലെന്നാണ് പ്രാഥമിക നിഗമനമെന്നാണ് ഐ സ്പേസ് വിശദമാക്കുന്നത്. ലാൻഡിങ്ങിന്റെ തൊട്ടുമുമ്പ് വരെ ലാൻഡറുമായി ആശയവിനിമയം സാധ്യമായിരുന്നു. ആശയവിനിമയം പുനഃസ്ഥാപിക്കാൻ ശ്രമങ്ങൾ തുടരുന്നതായും ഐ സ്പേസ് വിശദമാക്കി. ഐ സ്പേസിലെ എൻജിനിയർമാരും മിഷൻ ഓപറേഷൻസ് സ്പെഷ്യലിസ്റ്റുമാരും നിലവിലെ ലാൻഡറുടെ സ്ഥിതിയെന്താണെന്ന് സ്ഥിരീകരിക്കാനുള്ള ശ്രമത്തിലാണുള്ളത്. ലാൻഡറിൽ നിന്നുള്ള വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് വ്യക്തമാക്കുമെന്നാണ് ഐ സ്പേസ് വിശദമാക്കുന്നത്. ചന്ദ്രോപരിതലത്തിൽ ഇറങ്ങുകയെന്നത് സുഗമമായ കാര്യമല്ല. അനേകം വെല്ലുവിളികളെ അതിജീവിച്ചാൽ മാത്രമാണ് അത് സാധ്യമാവുക. ഗുരുത്വാകർഷണവും അന്തരീക്ഷത്തിന്റെ അസാന്നിധ്യവും ലാൻഡിംഗിൽ കനത്ത വെല്ലുവിളിയാണ് ഉയർത്താറുള്ളത്. ചന്ദ്രോപരിതലത്തിൽ ഇറങ്ങാനുള്ള ശ്രമങ്ങളിൽ വെറും 50 ശതമാനം ശ്രമങ്ങളാണ് വിജയിച്ചിട്ടുള്ളത്. ചന്ദ്രനിലെ മണ്ണ്, പൊടിപടലം, ഫോട്ടോ ഇലക്ട്രോൺ കവചം എന്നിവയെല്ലാം പഠനവിധേയമാക്കുന്ന ദൗത്യമാണ് റാഷിദ് റോവറിനുണ്ടായിരുന്നത്. അറബ് ലോകത്തെ ആദ്യ ചാന്ദ്ര ദൗത്യ പര്യവേഷണ പേടകമാണ് റാഷിദ് റോവർ. ദുബായിലെ മുഹമ്മദ് ബിൻ റാഷിദ് സ്പേസ് സെന്ററിലെ ശാസ്ത്രജ്ഞരുടെ സംഘമാണ് റാഷിദ് റോവർ നിർമിച്ചത്. ചന്ദ്രന്റെ വടക്കുകിഴക്കൻ ഭാഗത്ത് പര്യവേക്ഷണം നടത്താനായിരുന്നു റോവർ ലക്ഷ്യമിട്ടിരുന്നത്.

## ബിഷപ്പ് സമ്മേളനത്തിൽ സ്ത്രീകൾക്ക് വോട്ട്; ചരിത്ര തീരുമാനം പ്രഖ്യാപിച്ച് ഫ്രാൻസിസ് മാർപാപ്പ



വത്തിക്കാൻ: റോമൻ കത്തോലിക് ചർച്ചിന്റെ ചരിത്ര തീരുമാനം പ്രഖ്യാപിച്ച് ഫ്രാൻസിസ് മാർപാപ്പ. ബിഷപ്പുമാരുടെ ആഗോള സമ്മേളനമായ സിനഡിൽ സ്ത്രീകൾക്ക് വോട്ടവകാശം നൽകാനുള്ള വനിതാ കൂട്ടായ്മകളുടെ വർഷങ്ങളായുള്ള ആവശ്യത്തിന് ഫ്രാൻസിസ് മാർപാപ്പ അംഗീകാരം നൽകി. ഇതോടെ ഒക്ടോബറിൽ നടക്കാനിരിക്കുന്ന ബിഷപ്പുമാരുടെ ആഗോള സമ്മേളനത്തിൽ സ്ത്രീകൾക്ക് വോട്ട് രേഖപ്പെടുത്താൻ സാധിക്കും. നേരത്തെ പുരോഹിത സഭയിൽ ഓഡിറ്റർമാരായി സ്ത്രീകൾക്ക് പങ്കാളിത്തമുണ്ടായിരുന്നെങ്കിലും വോട്ടവകാശമില്ലായിരുന്നു. എന്നാൽ പുതിയ തീരുമാനത്തിന് അംഗീകാരമായതോടെ അഞ്ച് സിസ്റ്റർമാർക്ക് വോട്ടവകാശം വിനിയോഗിക്കാനാവും. ഈ യോഗത്തിൽ ചർച്ചുകളിലെ സ്ത്രീ പങ്കാളിത്തം, എൽ.ജി.ബി.ടി.ക്യു ബന്ധങ്ങൾ തുടങ്ങിയ പ്രധാന വിഷയങ്ങളിൽ സ്വീകാര്യമായ നിലപാട് എടുക്കുമെന്നാണ് പ്രതീക്ഷ. യോഗത്തിൽ 70 നോൺ ബിഷപ്പ് വോട്ടിംഗ് അംഗങ്ങളെ ഉൾപ്പെടുത്താനും പോപ്പ് തീരുമാനിച്ചിട്ടുണ്ട്. അവരിൽ പകുതിയും സ്ത്രീകളായിരിക്കണമെന്ന ആവശ്യം മാർപാപ്പ മുന്നോട്ടു വെച്ചു. വത്തിക്കാനിലെ തീരുമാനങ്ങൾ എടുക്കുന്ന സ്ഥാനങ്ങളിൽ സ്ത്രീകളെ നിയമിക്കുന്നതിന് ഫ്രാൻസിസ് മാർപാപ്പ കഴിഞ്ഞ വർഷം സ്വീകരിച്ച രണ്ട് പ്രധാന നടപടികൾക്ക് പിന്നാലെയാണ് പുതിയ പ്രഖ്യാപനം.

## ഇന്ത്യൻ നിർമിത കഫ്സിറപ്പിനെതിരേ മുന്നറിയിപ്പുമായി ലോകാരോഗ്യ സംഘടന

ന്യൂഡൽഹി: മരണത്തിനു വരെ കാരണമായേക്കാവുന്ന പദാർഥങ്ങൾ കണ്ടെത്തിയതിനെ തുടർന്ന് ഇന്ത്യൻ നിർമിത കഫ്സിറപ്പിനെതിരേ മുന്നറിയിപ്പുമായി ലോകാരോഗ്യ സംഘടന രംഗത്ത്. പഞ്ചാബ് ആസ്ഥാനമായുള്ള ക്യു.പി ഫാർമകെം ലിമിറ്റഡ് നിർമിച്ച് ട്രില്ലിയം ഫാർമ വിതരണം ചെയ്യുന്ന കഫ്സിറപ്പിനെതിരേയാണ് ആരോപണം. ഉസ്ബെകിസ്ഥാനിൽ ഇന്ത്യൻ കമ്പനിയുടെ കഫ്സിറപ്പ് കഴിച്ചതിനെ തുടർന്ന് 18 കുട്ടികൾ മരിച്ചുവെന്ന ആരോപണത്തിന് പിന്നാലെയാണ് പുതിയ വിവാദം. മാർഷൽ ദ്വീപുകളിലും മൈക്രോനേഷ്യയിലും വിതരണം ചെയ്യുന്ന മരുന്നിൽ അപകടകരമായ ഘടകങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഇവിടങ്ങളിലെ ഒരു ബാച്ചിൽ നിന്നുള്ള സിറപ്പിന്റെ സാമ്പിളുകളിൽ അസ്വീകാര്യമായ അളവിൽ ഡൈഥലീൻ ഗ്ലൈക്കോളും എഥിലീൻ ഗ്ലൈക്കോളും കണ്ടെത്തിയതായി ലോകാരോഗ്യ സംഘടന പറഞ്ഞു. ഇവ രണ്ടും അമിതമായി ശരീരത്തിലെത്തിയാൽ കുട്ടികളെ ഗുരുതരമായി ബാധിക്കും. വയറിളക്കം, ഛർദ്ദി, മൂത്രതടസ്സം, വയറുവേദന, തലവേദന, മാനസികാവസ്ഥയിലെ മാറ്റം, വൃക്ക തകരാറുകൾ എന്നിവയ്ക്ക് കാരണമാകുകയും മരണത്തിലേയ്ക്ക് വരെ നയിച്ചേക്കുമെന്നും ലോകാരോഗ്യ സംഘടന മുന്നറിയിപ്പ് നൽകി. ഓസ്ട്രേലിയയിലെ ഡ്രഗ് റെഗുലേറ്ററി അതോറിറ്റിയായ തെറാപ്യൂടിക് ഗുഡ്സ് അഡ്മിനിസ്ട്രേഷന്റെ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിലാണ് സിറപ്പിന്റെ സാമ്പിളുകൾ പരിശോധിച്ചത്.

## വാടകഗർഭധാരണം; അണ്ഡകോശം സ്വീകരിക്കുന്നതിനുള്ള വിലക്ക് നീക്കണം: സുപ്രീംകോടതിയിൽ ഹർജി



ന്യൂഡൽഹി: വാടകഗർഭധാരണത്തിന് ദാതാവ് വഴി അണ്ഡകോശം സ്വീകരിക്കുന്നത് വിലക്കുന്ന വ്യവസ്ഥ റദ്ദാക്കണം എന്നാവശ്യപ്പെട്ട് മലയാളി സ്ത്രീകൾ സുപ്രീംകോടതിയിൽ ഹർജി നൽകി. വാടകഗർഭധാരണ നിയമത്തിൽ ആരോഗ്യമന്ത്രാലയം കഴിഞ്ഞ മാർച്ചിനു കൊണ്ടുവന്ന നിബന്ധനകൾ ചോദ്യം ചെയ്താണ് ഹർജി. അസാധാരണ സാഹചര്യം കണക്കിലെടുത്ത് വാടകഗർഭധാരണ നടപടികളുമായി മുന്നോട്ടുപോകാൻ അനുവദിക്കണമെന്ന ആവശ്യവുമായി കേരളത്തിൽ നിന്നുള്ള നാല് സ്ത്രീകളാണ് സുപ്രീം കോടതിയെ സമീപിച്ചിരിക്കുന്നത്. വാടകഗർഭധാരണ നിയമത്തിൽ ആരോഗ്യമന്ത്രാലയം കഴിഞ്ഞ മാർച്ചിനു കൊണ്ടുവന്ന നിബന്ധനകൾ പ്രകാരം, വാടകഗർഭധാരണം പ്രയോജനപ്പെടുത്തുന്ന ദമ്പതികൾക്കു പുറത്തു നിന്നൊരാളുടെ അണ്ഡകോശം സ്വീകരിക്കുന്നതിനു വിലക്കുണ്ട്. അതേസമയം, വിധവയോ വിവാഹബന്ധം വേർപ്പെടുത്തുകയോ ചെയ്ത സ്ത്രീയാണെങ്കിൽ ദാതാവിന്റെ അണ്ഡകോശം സ്വീകരിക്കുന്നതിനു തടസ്സമില്ലെന്നാണ് മാർച്ചിൽ കൊണ്ടു വന്ന ഭേദഗതി. വാടകഗർഭധാരണ നിയമത്തിലെ മറ്റെല്ലാ വ്യവസ്ഥകളും ബാധകമായ സ്ത്രീകളാണ് സുപ്രീം കോടതിയെ സമീപിച്ചത്. ദാതാവിന്റെ അണ്ഡകോശം സ്വീകരിക്കാനാകില്ലെന്ന വ്യവസ്ഥ തങ്ങളുടെ പ്രതീക്ഷയ്ക്കും ആഗ്രഹത്തിനും തടസ്സമാകുന്നുവെന്നും ഇതിൽ മാറ്റം ആവശ്യമാണെന്നും ദമ്പതികൾ ഹർജിയിൽ ചൂണ്ടിക്കാട്ടുന്നു. സ്വാഭാവികരീതിയിൽ ഗർഭധാരണത്തിനുള്ള ശ്രമങ്ങൾ നേരത്തെ നടത്തിയെങ്കിലും ഇതു വിജയകരമായില്ലെന്നും ചൂണ്ടിക്കാട്ടിയുള്ളതാണ് ഹർജി. ആരോഗ്യമന്ത്രാലയം തിടുക്കപ്പെട്ടു കൊണ്ടുവന്നതാണ് ഭേദഗതിയെന്നും ഇതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചു ചിന്തിച്ചിട്ടില്ലെന്നും ഹർജിയിൽ പറയുന്നു. നിയമവിരുദ്ധവും വിവേചനപരവുമായ വ്യവസ്ഥ ഒഴിവാക്കണമെന്നതാണ് പ്രധാന ആവശ്യം.



സിജി സമ്മർ ക്യാമ്പ് 2023 ഉദ്ഘാടനം ചെയ്തു സംസാരിക്കുന്ന മാധ്യമപ്രവർത്തകൻ നിഷാദ് റാവുത്തർ

## ശബ്ദമില്ലാത്തവരുടെ ശബ്ദമായി മാറാനാവണം: നിഷാദ് റാവുത്തർ

കോഴിക്കോട്: പുതിയകാലത്തെ വിദ്യാർഥികൾ സമൂഹത്തിൽ നിശബ്ദരാക്കപ്പെടുന്നവരുടെ ശബ്ദം ആകാൻ ശ്രമിക്കണമെന്ന് മാധ്യപ്രവർത്തകൻ നിഷാദ് റാവുത്തർ അഭിപ്രായപ്പെട്ടു. സിജി സമ്മർ ക്യാമ്പ് 2023 ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രശസ്ത സിനിമാ താരം നവാസ് വള്ളിക്കുന്ന് വിശിഷ്ടാതിഥിയായിരുന്നു. സിജി സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. ഇസഡ്.എ അഷ്റഫ് അധ്യക്ഷത വഹിച്ചു. സമ്മർ ക്യാമ്പ് ഡയരക്ടർ സിറാജുദ്ദീൻ പറമ്പത്ത് ആശംസകൾ നേർന്നു. ഷാനിബാ നൗഷാദ്, ഷാഹുൽഹമീദ്, നസീബ ബഷീർ, ഫാത്തിമ സെൽവ, ഷാഹിദ് എലൈറ്റിൽ എന്നിവർ സംസാരിച്ചു.

## വന്ദേ ഭാരതിന് തിരൂരിൽ സ്റ്റോപ്പ് അനുവദിക്കണം; സി.എം.പി ധർണ നടത്തി



വന്ദേ ഭാരതിന് തിരൂരിൽ സ്റ്റോപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ട് സി.എം.പി നടത്തിയ ധർണ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന സംസ്ഥാന സെക്രട്ടറി കൃഷ്ണൻ കോട്ടുമല

തതിരൂർ: സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിലെ പ്രധാന റെയിൽവെ സ്റ്റേഷനായ തിരൂരിൽ വന്ദേ ഭാരത് ട്രെയിനിന് സ്റ്റോപ്പ് അനുവദിക്കാത്തത് കടുത്ത അവഗണനയും അനീതിയുമാണെന്ന് സി.എം.പി സംസ്ഥാന സെക്രട്ടറി കൃഷ്ണൻ കോട്ടുമല പറഞ്ഞു. വന്ദേ ഭാരതിന് തിരൂരിൽ സ്റ്റോപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ട് സി.എം.പി നടത്തിയ ധർണ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.കേന്ദ്ര റെയിൽ മന്ത്രാലയം കേരളത്തിന് അനുവദിച്ച് കേരളത്തിനകത്ത് പത്ത് ജില്ലകളിലൂടെ അങ്ങോട്ടുമിങ്ങോട്ടും ഓടുന്ന ട്രെയിന് ഒമ്പത് ജില്ലകളിലും സ്റ്റോപ്പ് അനുവദിച്ചപ്പോൾ മലപ്പുറത്തെ മാത്രം ഒഴിവാക്കിയ കേന്ദ്ര സർക്കാറിന്റേയും റെയിൽവെ മന്ത്രാലയത്തിന്റെയും നടപടി മലപ്പുറം ജില്ലയോട് ആർവത്തിച്ചു കൊണ്ടിരിക്കുന്ന അവഗണനയുടെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണെന്നും കൃഷ്ണൻ കോട്ടുമല പറഞ്ഞു.മഹാനായ തുഞ്ചത്തെഴുത്തച്ഛന്റെ ജന്മദേശമായ തുഞ്ചൻ പറമ്പ്, മലയാളം സർവ്വകലാശാല, പ്രധാന തീർത്ഥാടന കേന്ദ്രങ്ങളായ തിരുനാവായ നവാമുകുന്ന ക്ഷേത്രം, കാടാമ്പുഴ ക്ഷേത്രം, മമ്പുറം മഖാം തുടങ്ങി ആയിരക്കണക്കിന് യാത്രക്കാർ ആശ്രയിക്കുന്ന തിരൂർ സ്റ്റേഷനിൽ വന്ദേ ഭാരത് ട്രെയിനിന് സ്റ്റോപ്പ് അനുവദിക്കുന്നതു വരെ ശക്തമായ സമരം തുടരുമെന്നും അദ്ദേഹം പറഞ്ഞു.

ജില്ലാ സെക്രട്ടറി വാസു കാരയിൽ അധ്യക്ഷത വഹിച്ചു. ബഷീർ പുത്തൻ വീട്ടിൽ, മുതുവാട്ടിൽ അലി, എം. ബി രാധാകൃഷ്ണൻ, രവീന്ദ്രൻ പുനത്തിൽ, കെ. നാസറലി, ബഷീർ വലിയാട്ട്, അഷറഫ് തച്ചറപ്പടിക്കൽ, ബിനൂപ് ഉഗ്രപുരം, സാജു അമ്പലപ്പടി, വിനോദ് പള്ളിക്കര, വാൽപ്പറമ്പൻ അഹമ്മദ് കോയ, എം.പി ജയശ്രി, സി.പി ബേബി, കെ.ഗീത, കെ.റൈഹാനത്ത്, പി.രാജലക്ഷി, വി.ബിജിത, ദീപ്തി എൻ.കെ തുടങ്ങിയവർ പ്രസംഗിച്ചു.




## ചാലക്കര പുരുഷുവിനും ഉത്തമരാജ് മാഹിക്കും കലൈമാമണി പുരസ്കാരം

പുതുച്ചേരി: പുതുച്ചേരി സംസ്ഥാന കലാ-സാംസ്കാരിക വകുപ്പിന്റെ കലൈമാമണി പുരസ്കാരത്തിന് അർഹരായി ഗ്രന്ഥകാരനും മാഹിയിലെ മുതിർന്ന മാധ്യമ പ്രവർത്തകനുമായ ചാലക്കര പുരുഷുവും ചെറുകഥാകൃത്തും മാഹി വിദ്യാഭ്യാസ മേലദ്ധ്യക്ഷനുമായ ഉത്തമ രാജ് മാഹിയും. സാഹിത്യ- കലാരംഗത്തെ സമഗ്ര സംഭാവനകൾ പരിഗണിച്ചാണ് അവാർഡിനായി തെരഞ്ഞെടുത്തത്. 50,000 രൂപയും പ്രശസ്തിപത്രവും ശിൽപ്പവുമടങ്ങുന്നതാണ് അവാർഡ്.

29ന് പുതുച്ചേരിയിൽ നടക്കുന്ന ചടങ്ങിൽ സാംസ്കാരിക മന്ത്രി ചന്ദ്ര പ്രിയങ്കയുടെ അധ്യക്ഷതയിൽ മുഖ്യമന്ത്രി എൻ.രംഗസ്വാമി അവാർഡ് ദാനം നിർവഹിക്കും.നാല് പതിറ്റാണ്ടുകാലമായി മാധ്യമ-കലാ-സാംസ്കാരിക രംഗത്തെ സജീവ സാന്നിധ്യം, ചിത്രകാരൻ പ്രാസംഗികൻ, കലാനിരൂപകൻ എന്നീ നിലകളിൽ ശ്രദ്ധേയനായ ചാലക്കര പുരുഷു കേരളകൗമുദി തലശ്ശേരി റിപ്പോർട്ടറാണ്. 'പി.കെ ഉസ്മാൻ മാസ്റ്റർ ജീവചരിത്രം, മറക്കുവതെങ്ങിനെ? , ഇനിയും പുഴയൊഴുകും, പാതിരാസൂര്യന്റെ ശോണിമ , ഗുരുവും മയ്യഴിയും' തുടങ്ങിയ ഗ്രന്ഥങ്ങളുടെ കർത്താവുകൂടിയാണ് അദ്ദേഹം. പുതുച്ചേരി സർക്കാരിന്റെ പത്രപ്രവർത്തക പുരസ്ക്കാരം, ചെന്നൈ എ.പി കുഞ്ഞിക്കണ്ണൻ ട്രസ്റ്റിന്റെ സംസ്കാര ജ്യോതി പുരസ്കാരം, പത്രാധിപർ അവാർഡ്, ഖത്തർപ്രവാസി അവാർഡ് , മുദ്രപത്രം അവാർഡ് ഉൾപ്പടെ അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്.

ഭാര്യ: കെ.ബീന. മക്കൾ: അൻസി, അദിബ്.മലയാളത്തിലെ ഒട്ടുമിക്ക ആനുകാലികങ്ങളിലും എഴുതാറുള്ള ഉത്തമരാജ് മാഹി ചീഫ് എജ്യുക്കേഷണൽ ഓഫീസർ ഇൻചാർജായി സേവനമനുഷ്ഠിക്കുകയാണ്. നാല് ചെറു കഥാ സമാഹാരവും മൂന്ന് ബാലസാഹിത്യ കൃതികളുടേയും കർത്താവാണ്. അധ്യാപക കലാ -സാഹിത്യ പുരസ്കാരം, പ്രിയദർശിനി സാഹിത്യ പുരസ്കാരം, പുതുച്ചേരി സർക്കാരിന്റെ മികച്ച അധ്യാപകനുള്ള പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. ഭാര്യ: ശുഭ, മക്കൾ: മൃദുൽ രാജ്, സരിഗാ രാജ്.

## കൈത്തൊഴിൽ തൊഴിലാളികളെ സംരക്ഷിക്കണം: എച്ച്.എം.എസ്


കേരള ആർട്ടിസാൻസ് യൂണിയൻ (എച്ച്.എം.എസ്) 32ാം സംസ്ഥാന സമ്മേളനത്തിൽ നിന്ന്

തൊടുപുഴ: കൈത്തൊഴിൽ മേഖലയിലെ തൊഴിലാളികൾക്ക് ജീവിതാധിഷ്ഠിത വേതനം അനുവദിക്കണമെന്ന് കേരള ആർട്ടിസാൻസ് യൂണിയൻ (എച്ച്.എം.എസ്) സംസ്ഥാന സമ്മേളനം ആവശ്യപ്പെട്ടു. നിലവിൽ സർക്കാർ നിശ്ചയിച്ചിരിക്കുന്ന മിനിമം വേതനം തൊഴിലാളികളുടെ ജീവിത ചിലവിന് പര്യാപ്തമല്ല. പരമ്പരാഗത കൈതൊഴിലാളികൾക്കുള്ള ബാങ്ക് വായ്പയും പരിശീലന പദ്ധതികളും വർധിപ്പിക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു.

ആർട്ടിസാൻസ് ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങളുടെ വിതരണത്തിലുള്ള കാലതാമസം ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് യൂണിയൻ സമരപരിപാടികൾ ആരംഭിക്കും. തൊടുപുഴ എൻ.എസ്.എസ് ഹാളിൽ നടന്ന ചടങ്ങിൽ എച്ച്.എം.എസ് സംസ്ഥാന ജനറൽ സെക്രട്ടറി ടോമി മാത്യു സമ്മേളനം ഉദ്ഘാടനം ചെയ്തു. തൊഴിൽ സുരക്ഷയോ സാമ്പത്തിക ഭദ്രതയോ ഇല്ലാത്ത തൊഴിലാളികളോടുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അവഗണന പ്രതിഷേധാർഹമാണെന്ന് അദ്ദേഹം പറഞ്ഞു. യൂണിയൻ വർക്കിങ് പ്രസിഡന്റ് ടി.എൻ രാജൻ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി കെ.കെചന്ദ്രൻ റിപ്പോർട്ട് അവതരിപ്പിച്ചു. ശാന്ത നമ്പീശൻ, എൽ. രാജൻ, പി.ജി നാരായണൻ, ജിജി തോമസ്, ബി. മനോജ്, സുമതി പ്രഭാകരൻ, കെ രഘു എന്നിവർ സംസാരിച്ചു.




# ഹോം ഗ്രൗണ്ടിൽ ആർ.സി.ബിയെ തോൽപ്പിച്ച് കൊൽക്കത്ത


ആർ.സി.ബികിക്കെതിരേ മൂന്ന് വീക്കറ്റ് നേടിയ വരുൺ ചക്രവർത്തിയ അഭിനന്ദിക്കുന്ന വിക്കറ്റ് കീപ്പർ നാരായൺ ജഗദീഷ്. ക്യാപ്റ്റൻ നിതീഷ് റാണ സമീപം

ബംഗളൂരു: തുടർ പരാജയങ്ങൾക്ക് ശേഷം കൊൽക്കത്തയുടെ തിരിച്ചുവരവ്. ബംഗളൂരു ചിന്നസ്വാമി സ്റ്റേഡിയത്തിൽ ആർ.സി.ബിയെ 21 റൺസിന് പരാജയപ്പെടുത്തിയാണ് സീസണിലെ മൂന്നാം ജയം കൊൽക്കത്ത സ്വന്തമാക്കിയത്. ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനിറങ്ങിയ കൊൽക്കത്തക്ക് വേണ്ടി ജേസൺ റോയ് മികച്ച തുടക്കമാണ് നൽകിയത്. കഴിഞ്ഞ മത്സരത്തിന്റെ തുടർച്ചയെന്നോണം കത്തിക്കയറിയ റോയ്ക്ക് മുന്നിൽ ബാംഗ്ലൂർ ബൗളർമാർ തരിച്ചുനിന്നു. കൂട്ടത്തിൽ ഷഹ്ബാസ് അഹമ്മദാണ് റോയിയുടെ ആക്രമണത്തിന്റെ ചൂടറിഞ്ഞത്. മത്സരത്തിൽ ആകെ ഒരോവർ മാത്രമേ ഷഹബാസ് എറിഞ്ഞുള്ളൂ. ആ ഒരോവറിൽ നാല് സിക്സറുകളാണ് റോയ് പറത്തിയത്. ഷഹബാസ് ഓവർ പൂർത്തിയാക്കുമ്പോൾ 25 റൺസ് വഴങ്ങിയിരുന്നു. 29 പന്തിൽ അഞ്ച് സിക്സിന്റേയും നാല്ഫോറുകളുടേയും അകമ്പടിയോടെ 56 റൺസെടുത്ത റോയിയെ വൈശാഖ് വിജയ് കുമാർ പുറത്താക്കിയെങ്കിലും റോയ് കൊളുത്തിവച്ച വെടിക്കെട്ട് ക്യാപ്റ്റൻ നിതീഷ് റാണയും റിങ്കുസിംഗും അവസാന ഓവറിൽ ഡേവിഡ് വീസും ഏറ്റെടുത്തപ്പോൾ കെ.കെ.ആർ സ്കോർ 20 ഓവറിൽ അഞ്ച് വിക്കറ്റിന് 200 എന്ന നിലയിലായി. നിതീഷ് റാണ 48(21), റിങ്കു സിംഗ് 18*(10), ഡേവിഡ് വീസ് 12*(3) റൺസ് നേടി. ബാംഗ്ലൂരിന് വേണ്ടി ഹസരംഗയും വൈശാഖ് വിജയ് കുമാറും രണ്ട് വിക്കറ്റുകൾ വീതവും മുഹമ്മദ് സിറാജ് ഒരു വിക്കറ്റും നേടി. മറുപടി ബാറ്റിങ്ങിൽ കോലിക്ക് മാത്രമേ കാര്യമായ സംഭവന ആർ.സി.ബിക്കായി നൽകാനായുള്ളൂ. 37 പന്തിൽ 54 റൺസെടുത്ത കോലി പൊരുതിയെങ്കിലും വിജയം അകലെയായിരുന്നു.

മഹിപാൽ ലോമ്രോർ 34(18), ദിനേശ് കാർത്തിക് 22(18) എന്നിവർ ചെറിയ പ്രതീക്ഷ ബാംഗ്ലൂരിന് നൽകിയെങ്കിലും കൃത്യമായ ഇടവേളകളിൽ വിക്കറ്റുകൾ വീണത് അവർക്ക് തിരിച്ചടിയായി. 20 ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 179 റൺസെടുക്കാനെ ആർ.സി.ബിക്കായുള്ളൂ. കൊൽക്കത്തക്ക് വേണ്ടി വരുൺ ചക്രവർത്തി മൂന്നും സുയാഷ് ശർമ, ആന്ദ്രേ റസൽ എന്നിവർ രണ്ടും വിക്കറ്റുകൾ വീതം വീഴ്ത്തി. വരുൺ ചക്രവർത്തിയാണ് കളിയിലെ താരം.

## 40 സ്ത്രീകൾ, ഒരേയൊരു ഭർത്താവ്; കുഴപ്പിച്ച് ബിഹാറിലെ ജാതി സെൻസസ്

പട്ന: ബിഹാറിൽ നാൽപത് സ്ത്രീകൾക്ക് ഒരേയൊരു ഭർത്താവ്. അർവാൾ ജില്ലയിലെ വാർഡ് നമ്പർ 7-ലെ ചുവന്ന തെരുവിൽ നിന്ന് ഉദ്യോഗസ്ഥർ ശേഖരിച്ച വിവരങ്ങൾ ചർച്ചയാവുകയാണ്. ഇവിടുത്തെ നാൽപത് സ്ത്രീകളോട് ഭർത്താവിന്റെ വിവരങ്ങൾ ചോദിച്ച ഉദ്യോഗസ്ഥരോട് 40 പേരും പറഞ്ഞത് രൂപ്ചന്ദ് ആണ് തങ്ങളുടെ ഭർത്താവും കുട്ടികളുടെ പിതാവും എന്നാണ്. അന്വേഷണത്തിൽ രൂപ്ചന്ദ് ഒരാളുടെ പേരല്ലെന്നാണ് റിപ്പോർട്ട്. ലൈംഗികത്തൊഴിലാളികൾ താമസിക്കുന്ന ഈ പ്രദേശത്ത് മിക്ക ആളുകൾക്കും സ്ഥിരമായി മേൽവിലാസം ഇല്ല. സെൻസസ് സമയത്ത് ഭർത്താവിന്റെ പേരിനു നേരെ ആരുടെ പേരു ചേർക്കുമെന്ന ലൈംഗികത്തൊഴിലാളികളുടെ പ്രതിസന്ധിയാണ് അവരെക്കൊണ്ട് ഇത്തരമൊരു പേരു പറയിപ്പിച്ചത്. തങ്ങളുടെ ജീവിതത്തിൽ ഏറ്റവും വിലമതിക്കുന്നത് രൂപയെ ആയതുകൊണ്ടാണ് ഭർത്താവിന്റെ പേരിന് നേർക്ക് രൂപ്ചന്ദെന്ന് ചേർത്തതെന്നാണ് വിവരം.

## തെറ്റിധരിപ്പിക്കുന്ന പരസ്യങ്ങൾ പിൻവലിക്കണം: ദേശീയ ബാലാവകാശ കമ്മീഷൻ

ന്യൂഡൽഹി: ബോൺവിറ്റയുടെ തെറ്റിധരിപ്പിക്കുന്ന പരസ്യങ്ങൾ പിൻവലിക്കണമെന്ന് മോൻഡെലസ് ഇന്ത്യയോട് ദേശീയ ബാലാവകാശ കമ്മീഷൻ. ബോൺവിറ്റയിൽ പഞ്ചസാരയുടെ അളവ് അധികമാണെന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് ബാലാവകാശ കമ്മീഷന്റെ നടപടി. ഏഴുദിവസത്തിനകം വിശദീകരണം നൽകാനും ബോൺവിറ്റയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഹെൽത്ത് ഡ്രിങ്ക് എന്ന പേരിൽ ബോൺവിറ്റയുടെ മാർക്കറ്റിംഗ് നടത്തിയ കമ്പനി കുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുമെന്ന് പ്രചാരണം നടത്തിയിരുന്നു. ഉയർന്ന അളവിലുള്ള പഞ്ചസാരയുടെ സാന്നിധ്യം കുട്ടികളുടെ ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്നതാണ്. ഇത്തരം പരസ്യങ്ങൾ തെറ്റിധരിപ്പിക്കുമെന്ന് ബാലാവകാശ കമ്മീഷൻ വ്യക്തമാക്കി.

## 'മാമുക്കോയ ചിരിയും ചിന്തയും സമ്മാനിച്ച മഹാനടൻ': ഗിരീഷ് ആമ്പ്ര

കോഴിക്കോട്: മലയാളത്തിന് ചിരിയും ചിന്തയും സമ്മാനിച്ച മഹാനടനായിരുന്നു മാമുക്കോയയെന്ന് കവിയും ചലച്ചിത്ര ഗാനരചയിതാവും ഫോക്ലോറിസ്റ്റുമായ ഗിരീഷ് ആമ്പ്ര അനുശോചനസന്ദേശത്തിൽ പറഞ്ഞു. കോഴിക്കോടൻ സംസാരശൈലിയുടെ സവിശേഷതകൾ മാമുക്കോയയിലൂടെ ലോകം തിരിച്ചറിഞ്ഞു. അഭിനയത്തോടൊപ്പം സാമൂഹ്യ-സാംസ്കാരിക വിഷയങ്ങളിൽ തത്സമയം പ്രതികരിച്ചിരുന്ന മനുഷ്യസ്നേഹി കൂടിയായിരുന്നു മാമുക്കോയ. മലയാള സിനിമാ മേഖലയിലെ മലബാർസ് പന്ദനം തന്നെയാണ് മാമുക്കോയയുടെ വിയോഗം മൂലം നിലച്ചതെന്നും ഗിരീഷ് ആമ്പ്ര കൂട്ടിച്ചേർത്തു.

## പ്രതിവാര ധർണ സംഘടിപ്പിച്ചു

കോഴിക്കോട്: ശമ്പള പരിഷ്കരണം അട്ടിമറിക്കുന്നതിനെതിരേ മലബാർ ദേവസ്വം ബോർഡ് ആസ്ഥാനത്ത് സംഘടിപ്പിച്ച അനിശ്ചിതകാല പ്രതിവാര ധർണ സംയുക്ത സമരസമിതി കൺവീനർ വി.വി ശ്രീനിവാസൻ ഉൽഘാടനം ചെയ്തു. വാര്യർ മഹാസഭ സംസ്ഥാന വൈസ് പ്രസിഡന്റ് കെ.വി രാജേഷ് ചെറുകുന്ന് അധ്യക്ഷത വഹിച്ചു. എം.വി.ശശി, പി.ശ്രീജീഷ്, പി.കെ.രാജീവ് എന്നിവർ സംസാരിച്ചു. ഗിരിധരൻ രാമനാട്ടുകര, വി.ഉണ്ണികൃഷ്ണമാരാർ എന്നിവർ നേതൃത്വം നൽകി.വി.ഷാജി നന്ദി പറഞ്ഞു.


കൗൺസിൽ ഫോർ കമ്മ്യൂണിറ്റി കോ-ഓപറേഷൻ സംഘടിപ്പിച്ച യോഗത്തിൽ നിന്ന്


## മനുഷ്യ സൗഹാർദമാണ് മതത്തിന്റെ കാതൽ: പന്തളം രാജ

കൊച്ചി: വിവിധ ജാതി-മത വിഭാഗങ്ങളിൽപെട്ട മനുഷ്യർ സൗഹാർദത്തിൽ ജീവിക്കണമെന്ന വിശ്വ മാനവിക സന്ദേശമാണ് മതത്തിന്റെ കാതൽ എന്ന് ശബരിമല ക്ഷേത്രം ഉടമസ്ഥരായ പന്തളം രാജ ശ്രീ ശശികുമാര വർമ്മ പറഞ്ഞു. മനുഷ്യ സൗഹാർദ പ്രചാരണത്തിനായി പ്രവർത്തിക്കുന്ന കൗൺസിൽ ഫോർ കമ്മ്യൂണിറ്റി കോ-ഓപറേഷൻ ഭാരവാഹികളുമായുള്ള കൂടിക്കാഴ്ചയിലാണ് പന്തളം കൊട്ടാരം നിർവാഹക സംഘം പ്രസിഡന്റ് കൂടിയായ അദ്ദേഹം ഇക്കാര്യം പ്രസ്താവിച്ചത്.

അയ്യപ്പനും വാവരും രണ്ട് മതത്തിൽ പെട്ടവരായിരുന്നുവെങ്കിലും ആത്മസുഹൃത്തുക്കളായിരുന്നു. അതുകൊണ്ടാണ് അയ്യപ്പസ്വാമി ദർശനത്തിനെത്തുന്നവർ ആദ്യം വാവർ സ്വാമിയെ ദർശിക്കണമെന്ന ആചാരമുണ്ടായതെന്നും അദ്ദേഹം പറഞ്ഞു.

പാണക്കാട് സയ്യിദ് റഷീദ് അലി ശിഹാബ് തങ്ങൾ ഉപഹാരം സമർപ്പിച്ചു. ഡോ. മുഹമ്മദലി ഗൾഫാർ, അഡ്വ.ഇബ്രാഹിം ഖാൻ, സി.എച്ച് അബ്ദുറഹിം, ഡോ. ഓണമ്പള്ളി മുഹമ്മദ് ഫൈസി, ഡോ. ഹുസൈൻ മടവൂർ, അഡ്വ. മുഹമ്മദ് ഷാൻ എന്നിവരും കൂടിക്കാഴ്ചയിൽ പങ്കെടുത്തു. കമ്മ്യൂണിറ്റി കോ-ഓപ്പറേഷൻ കൗൺസിൽ നിർവഹിക്കുന്നത് മഹത്തായ ദൗത്യമാണെന്നും കൗൺസിലിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് പന്തളം രാജ കൊട്ടാരത്തിന്റെയും ശബരിമലയുടേയും എല്ലാ വിധ പിന്തുണയും സഹകരണവുമുണ്ടാവുമെന്നും ശ്രീശശികുമാര വർമ പറഞ്ഞു.

## രാമനവമി ആഘോഷങ്ങൾക്കിടയിലെ സംഘർഷം; എൻ.ഐ.എ അന്വേഷണത്തിന് ഉത്തരവിട്ട് കൊൽക്കത്ത ഹൈക്കോടതി


പശ്ചിമ ബംഗാളിൽ രാമനവമിക്കിടെ ഉണ്ടായ സംഘർഷത്തിൽനിന്ന് (ഫയൽ ചിത്രം)

ന്യൂഡൽഹി: പശ്ചിമ ബംഗാളിൽ കഴിഞ്ഞ മാസം രാമനവമി ആഘോഷത്തിനിടെയുണ്ടായ അക്രമസംഭവങ്ങളിൽ എൻ.ഐ.എ അന്വേഷണത്തിന് ഉത്തരവിട്ട് കൊൽക്കത്ത ഹൈക്കോടതി. ബി.ജെ.പി നേതാവ് സുവേന്ദു അധികാരി നൽകിയ ഹർജി പരിഗണിച്ചാണ് അന്വേഷണം പശ്ചിമ ബംഗാൾ പോലിസിൽ നിന്ന് എൻ.ഐ.എക്ക് കൈമാറാൻ ഹൈക്കോടതി ഉത്തരവിട്ടത്. സംഘർഷവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും സി.സി.ടി.വി ദൃശ്യങ്ങളും രണ്ടാഴ്ചയ്ക്കകം കേന്ദ്രസർക്കാരിന് കൈമാറണമെന്നും കോടതി പോലിസിനോട് നിർദേശിച്ചു. കഴിഞ്ഞ മാസം രാമനവമി ആഘോഷത്തിനിടെ ഹൗറയിലെ ഷിബ്പൂരിൽ രണ്ട് ഗ്രൂപ്പുകൾ തമ്മിലുള്ള ഏറ്റുമുട്ടലിൽ പോലിസ് ജീപ്പടക്കമുള്ള വാഹനങ്ങൾക്ക് നാശനഷ്ടം സംഭവിച്ചിരുന്നു.

പിന്നീട് ഹൂഗ്ലി ജില്ലയിലെ റിഷ്റയിലും ഉത്തർ ദിനാജ്പൂർ ജില്ലയിലെ ദൽഖോലയിലും സംഘർഷം റിപ്പോർട്ട് ചെയ്തിരുന്നു. രാമനവമി ഘോഷയാത്ര കാജിപട് മേഖലയിലൂടെ കടന്നുപോകുന്നതിനിടെയാണ് സംഘർഷം പൊട്ടിപ്പുറപ്പെട്ടത്. ജാഥയ്ക്കിടെ വർഗീയ സംഘർഷം ഉണ്ടാക്കാൻ ബി.ജെ.പി ശ്രമിച്ചതായി മുഖ്യമന്ത്രി മമത ബാനർജി ആരോപിച്ചിരുന്നു. വർഗീയ കലാപങ്ങൾ സംഘടിപ്പിക്കാൻ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ഗുണ്ടകളെ ബി. ജെ.പി വാടകക്കെടുത്തെന്നും മമത ബാനർജി പറഞ്ഞു. എന്നാൽ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് പറഞ്ഞുകൊണ്ട് ബി.ജെ.പി രംഗത്തെത്തി. മമത ബാനർജി സർക്കാർ മുസ്ലീങ്ങളെ പ്രീണിപ്പിക്കുകയും ഹിന്ദുക്കളെ ലക്ഷ്യമിടുകയാണെന്നും ബി.ജെ.പി ആരോപിച്ചു. ബിഹാറിലെ ഹിന്ദുക്കൾ ധാരാളം ഭീഷണികൾ നേരിടുന്നതായും പാർട്ടി നേതാക്കൾ ആരോപിച്ചിരുന്നു.




# സ്വർഗത്തിൽ പോകാൻ പട്ടിണി കിടന്ന് മരിച്ചവരുടെ എണ്ണം 95 ആയി; തിരച്ചിൽ തുടരുന്നു

നെയ്റോബി: പട്ടിണികിടന്നു മരിച്ചാൽ സ്വർഗത്തിൽ പോകാമെന്നും ദൈവത്തെ കാണാമെന്നുമുള്ള മത പുരോഹിതന്റെ വാക്കുകേട്ട് ആഹാരവും വെള്ളവുമുപേക്ഷിച്ച് പട്ടിണികിടന്ന് മരിച്ചവരുടെ എണ്ണം 95 കഴിഞ്ഞു. തീരനഗരമായ മാലിന്ദിയിൽ നിന്ന് കുട്ടികളുടേതടക്കം 95 മൃതദേഹങ്ങളാണ് പോലിസ് കണ്ടെടുത്തത്. അതേസമയം വനത്തിനുള്ളിൽ മരണം കാത്ത് പട്ടിണികിടന്ന 34 പേരെ പോലിസ് രക്ഷപ്പെടുത്തി. പ്രദേശത്ത് പോലിസ് കർഫ്യൂ പ്രഖ്യാപിച്ചിരിക്കുകയാണ്. 'ഗുഡ്ന്യൂസ് ഇന്റർനാഷണൽ ചർച്ച്' എന്ന പേരിൽ കൂട്ടായ്മയുണ്ടാക്കി പോൾ മക്കെൻസീ എൻതെംഗെ എന്നയാളാണ് മോക്ഷം പ്രാപിക്കാനും സ്രഷ്ടാവിനെ നേരിൽക്കാണാനും പട്ടിണി കിടക്കണമെന്ന് അനുയായികളോട് ആഹ്വാനം ചെയ്തത്. തീരദേശ പട്ടണമായ മാലിന്ദിക്ക് സമീപമുള്ള ഷക്കഹോല വനത്തിനുള്ളിലെ കൂട്ടകുഴിമാടങ്ങളിലാണ് മൃതദേഹങ്ങൾ കണ്ടെത്തിയത്.

ഇതിൽ ഒരു കുടുംബത്തിലെ അഞ്ച് പേരുടെ കുഴിമാടമുൾപ്പെടെയുണ്ടായിരുന്നുവെന്ന് പോലിസ് പറഞ്ഞു. ഗുഡ് ന്യൂസ് ഇന്റർനാഷണൽ ചർച്ചിന് ചുറ്റുമുള്ള 325 ഹെക്ടർ വിസ്തൃതിയുള്ള വന പ്രദേശത്താണ് മൃതദേഹങ്ങൾ ആദ്യം കണ്ടെത്തിയത്. പ്രദേശത്ത് നിന്നും കാണാതായവരെക്കുറിച്ച് പോലിസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. പ്രദേശത്ത് നിന്നും അടുത്തകാലത്തായി 112 പേരെ കാണാതായതായി പോലിസ് പറഞ്ഞു. കെനിയയിലെ റെഡ് ക്രോസ് സൊസൈറ്റിയുടെ കണക്കു പ്രകാരം 213 പേരെയാണ് കണ്ടെത്താനുള്ളത്. 95 പേരുടെ മരണത്തിന് കാരണക്കാരനായ ഗുഡ്ന്യൂസ് ഇന്റർനാഷണൽ ചർച്ച് എന്ന കൂട്ടായ്മയുണ്ടാക്കിയ പോൾ മക്കെൻസീ എൻതെംഗെയെ പോലിസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇയാൾ കുറ്റം നിഷേധിച്ചെങ്കിലും പോലിസ് ചോദ്യം ചെയ്യൽ തുടരുകയാണ്. നടന്നത് വലിയ കുറ്റകൃത്യമാണ്. ഇതിന് പ്രേരിപ്പിച്ച പുരോഹിതനടക്കമുള്ളവർക്കെതിരേ കർശന നടപടി സ്വീകരിക്കുമെന്ന് കെനിയയുടെ ആഭ്യന്തര മന്ത്രി കിത്തുരെ പറഞ്ഞു. മരിച്ചവരെ കുഴിച്ചിട്ടത് ആരാണെന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ പോലിസ് പരിശോധിക്കുന്നുണ്ട്.

## 'കലുഷിതമായ ബന്ധമാണെങ്കിൽ ക്രൂരതയ്ക്കുള്ള വകുപ്പ് ബാധകമാക്കി വിവാഹമോചനം നൽകാം'

ന്യൂഡൽഹി: കൂട്ടിച്ചേർക്കാൻ കഴിയാത്ത തരത്തിൽ തകർന്ന വിവാഹ ബന്ധമാണെങ്കിൽ ക്രൂരതയ്ക്കുള്ള വകുപ്പ് ബാധമാക്കി വിവാഹമോചനം നൽകാമെന്ന് സുപ്രീംകോടതി. ഇരുപത് കൊല്ലമായി പിരിഞ്ഞു കഴിയുന്ന ദമ്പതികൾക്ക് വിവാഹ മോചനം അനുവദിച്ചുകൊണ്ടാണ് ജസ്റ്റിസുമാരായ സുധാൻഷു ധൂലിയ, ജെബി പർദിവാല എന്നിവരുടെ ബെഞ്ചിന്റെ സുപ്രധാന നിരീക്ഷണം. വിവാഹബന്ധം പൂർണമായും തകർന്നുവെങ്കിലും വിവാഹമോചനത്തിനുള്ള കാരണമായി ഇത് നിലവിലെ ചട്ടങ്ങളിൽ വ്യക്തമാക്കുന്നില്ല. എന്നാൽ ഒരാൾക്കെതിരെയുള്ള ക്രൂരത വിവാഹമോചനത്തിനുള്ള കാരണമായി കണക്കാക്കാം. കലുഷിതമായ ബന്ധം രണ്ടുപേരോടുമായുള്ള ക്രൂരതയായി കണക്കാക്കാം എന്നാണ് സുപ്രീംകോടതി ഇപ്പോൾ വ്യക്തമാക്കുന്നത്.

25 കൊല്ലമായി പരസ്പരം കേസുകൾ നൽകി പിരിഞ്ഞ് കഴിയുന്ന കുട്ടികളില്ലാത്ത ദമ്പതികളുടെ കേസാണ് കോടതിക്ക് മുമ്പാകെ എത്തിയത്. ഡൽഹി ഹൈക്കോടതി വിവാഹമോചനത്തിനുള്ള ഭർത്താവിന്റെ അപേക്ഷ തള്ളിയിരുന്നു.

# ഒമിക്രോണിന്റെ ഉപവകഭേദം ആർക്ടറസ് ഓസ്ട്രേലിയയിൽ

സിഡ്നി: 33 രാജ്യങ്ങളിലായി സ്ഥിരീകരിക്കപ്പെട്ട കൊവിഡ്-19 ഒമിക്രോണിന്റെ ഉപവകഭേദമായ ആക്ടറസ് ഓസ്ട്രേലിയയിൽ പടർന്നുപിടിക്കുന്നു. ഒമിക്രോണിനെപ്പോലെയോ ഉപവകഭേദങ്ങളെപ്പോലെയോ അപകടകാരിയല്ലാത്ത ആക്ടറസിനെ ശ്രദ്ധിക്കേണ്ട വകഭേദം എന്ന പട്ടികയിലേക്കാണ് ലോകാരോഗ്യ സംഘടന ഉൾപ്പെടുത്തിയത്. അപകടകാരിയല്ലെങ്കിലും കൊവിഡ് നമുക്കിടയിൽത്തന്നെ ഉണ്ടെന്നതിന്റെ അടയാളമാണ് ആക്ടറസ് എന്ന് വിദഗ്ധർ പറയുന്നു. സാധാരണ കൊവിഡ് ലക്ഷണങ്ങളായ തൊണ്ടവേദന, മൂക്കൊലിപ്പ്, ജലദോഷം, ചുമ, തളർച്ച, പേശീവേദന തുടങ്ങിയവയ്ക്കൊപ്പം ശക്തമായ പനിക്കും ചെങ്കണ്ണിനും സാധ്യതയുണ്ട്.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.